# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചെറുപുഴ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ./കെ.എൻ.ആർ./സി1-1161/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 09/11/2021
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെറുപുഴ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചെറുപുഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെറുപുഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ./കെ.എൻ.ആർ./സി1-1161/2021 തീയ്യതി: 09/11/2021

## കണ്ണൂർ ജില്ലയിലെ ചെറുപുഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ ചെറുപുഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-01-2020 മുതൽ 30-09-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സാബു പി എസ് | ഡെപ്യൂട്ടി ഡയറക്ടർ | 28-09-2021 | 20-10-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 28-09-2021 | 20-10-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സിന്ധു. ടി. പി. ,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)
സബിത.കെ. , ഓഡിറ്റർ
പ്രമോദ്.കെ, ഓഡിറ്റർ
അനു അബ്രഹാം., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ജമീല എം പി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി കൗസല്യ എസ് എം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2019 | 09-12-2019 |
| ശ്രീ പ്രമോദ് ഡി എൻ | സെക്രട്ടറി | 10-12-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.റജീന എ. | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.വിശാലക്ഷ്മി.എൽ | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി.കൗസല്യ. എസ് എം | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 12-12-2019 |
| ശ്രീ നിഷാദ്. എസ് | അസിസ്റ്റന്റ് സെക്രട്ടറി | 18-12-2019 | 31-03-2020 |
| ശ്രീ വാമനൻ പി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 10-04-2019 |
| ശ്രീ ഫിറോസ് എ എം | അസിസ്റ്റന്റ് എഞ്ചിനീയർ | 11-04-2019 | 31-03-2020 |
| ഡോ.അഭിലാഷ്.എ | മെഡിക്കൽ ഓഫീസർ(പി എച്ച് സി) | 01-04-2019 | 31-03-2020 |
| ഡോ.നീമ.പി | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2019 | 10-08-2019 |
| ഡോ.നീമ.പി | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 09-11-2019 | 31-03-2020 |
| ശ്രീ സുനിൽ കുമാർ | വി ഇ ഒ ,പുളിങ്ങോം സർക്കിൾ | 01-04-2019 | 15-07-2019 |
| ശ്രീ സുരേന്ദ്രൻ പി വി | വി ഇ ഒ പുളിങ്ങോം സർക്കിൾ | 22-07-2019 | 22-10-2019 |
| ശ്രീ അരുൺ കുമാർ എം | വി ഇ ഒ പുളിങ്ങോം സർക്കിൾ | 25-10-2019 | 26-02-2020 |
| ശ്രീമതി ബബിത എ വി | വി ഇ ഒ പുളിങ്ങോം സർക്കിൾ | 27-02-2020 | 31-03-2020 |
| ശ്രീ റിതുൽ രാജ് | എസ് ഐ ഫിഷറീസ് | 01-04-2019 | 31-03-2020 |
| ശ്രീ ധനഞ്ജയൻ കെ | ഹെഡ് മാസ്റ്റർ | 01-04-2019 | 05-06-2019 |

| | | | |
|---|---|---|---|
| ശ്രീ ഉണ്ണിക്കണ്ണൻ വി | ഹെഡ് മാസ്റ്റർ | 06-06-2019 | 31-03-2020 |
| ശ്രീമതി സതി സി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീമതി പ്രീതി പി | ഡെയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ഡോ.സിമി.എം.പി. | മെഡിക്കൽ ഓഫീസർ (ഹോമിയോ ) | 11-08-2019 | 08-11-2019 |
| ശ്രീമതി.ശ്രീലത | വി.ഇ.ഒ,വയക്കര സർക്കിൾ | 01-04-2019 | 31-03-2020 |

അസിസ്റ്റന്റ് സെക്രട്ടറി 13.12.19 മുതൽ 17.12.19 വരെ ഒഴിവ് വി ഇ ഒ പുളിങ്ങോം 16.07.19 മുതൽ 21.07.19 വരെയും ,23.10.19 ,24.10.19 തീയതികളിലും ഒഴിവ്.

<u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sindhu T P (Audit Officer, On 10-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 08-11-2021) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Sindhu T P (Audit Officer, On 15-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 08-11-2021) | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ<br>Written By: Sindhu T P (Audit Officer, On 15-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 09-11-2021) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Sindhu T P (Audit Officer, On 15-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 08-11-2021) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Sindhu T P (Audit Officer, On 15-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 09-11-2021) | 1-4 |
| 6 | വികസന ഫണ്ട് -ജനറൽ- ചെലവു രേഖപ്പെടുത്തിയതിലെ അപാകങ്ങൾ<br>Written By: Sindhu T P (Audit Officer, On 28-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 09-11-2021) | 1-4-1 |
| 7 | പദ്ധതി അവലോകനം<br>Written By: Sindhu T P (Audit Officer, On 10-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 08-11-2021) | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Sindhu T P (Audit Officer, On 15-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 09-11-2021) | 1-6 |
| 9 | പാണ്ടിക്കടവ് - മുളപ്ര റോഡ് കോൺക്രീറ്റ്- മുഴുവൻ സാധനങ്ങളും സപ്ലൈ ചെയ്യാതെ കരാർ ലംഘനം നടത്തിയ വെണ്ടർക്കെതിരെ നടപടികൾ സ്വീകരിക്കാത്തത് -ലിക്വിഡേറ്റഡ് ഡാമേജസ് ഇനത്തിൽ 36722രൂപ ഈടാക്കേണ്ടതാണ്<br>Written By: Sindhu T P (Audit Officer, On 15-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 09-11-2021) | 1-6-1 |
| 10 | ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി- രേഖകളുടെ സൂക്ഷിപ്പ്<br>Written By: Sindhu T P (Audit Officer, On 15-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 08-11-2021) | 1-6-2 |
| 11 | സാധനങ്ങളുടെ വാങ്ങൽ നടപടികൾ- സർക്കാർ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല<br>Written By: Sindhu T P (Audit Officer, On 15-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 09-11-2021) | 1-6-3 |
| 12 | ക്ഷേമ പദ്ധതികൾ<br>Written By: Sindhu T P (Audit Officer, On 15-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 08-11-2021) | 1-7 |
| 13 | ക്യാഷ് ബാലൻസ്<br>Written By: Sindhu T P (Audit Officer, On 15-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 08-11-2021) | 1-8 |
| 14 | ആഭ്യന്തര നിയന്ത്രണം<br>Written By: Sindhu T P (Audit Officer, On 10-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 08-11-2021) | 1-9 |
| 15 | ഗ്രാമസഭകൾ, വർക്കിംഗ് ഗ്രൂപ്പ് -അവലോകനം<br>Written By: Sindhu T P (Audit Officer, On 15-10-2021) | 1-10 |

| | | |
|---|---|---|
| | Last Updated By: Pramodan Anchantavida (Computer Assistant, On 09-11-2021) | |
| 16 | രജിസ്റ്റർ സൂക്ഷിപ്പ്<br>Written By: Sindhu T P (Audit Officer, On 15-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 08-11-2021) | 1-11 |
| 17 | തനതു വരുമാന വർധനവിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല<br>Written By: Sabitha.K (Auditor, On 21-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 08-11-2021) | 1-12 |
| 18 | റോഡ് റിസ്റ്റോറേഷൻ ഫീസ്- ഫയൽ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല<br>Written By: Sabitha.K (Auditor, On 20-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 08-11-2021) | 1-13 |
| 19 | കുടിശ്ശിക ഡി എ ക്ക് ആനുപാതികമായി പങ്കാളിത്ത പെൻഷൻ വിഹിതം ഒടുക്കിയില്ല<br>Written By: Pramod K (Auditor, On 19-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 08-11-2021) | 1-14 |
| 20 | ഐ.കെ.എം- ന് വിഹിതം നൽകൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.<br>Written By: Pramod K (Auditor, On 15-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 08-11-2021) | 1-15 |
| 21 | പദ്ധതി രൂപീകരണം,നിർവ്വഹണം,മോണിറ്ററിംഗ്- പ്രിന്റിംഗ് ചാർജ്ജിനത്തിൽ ₹ 2700 അധികം അനുവദിച്ചു- തുക തിരിച്ചടക്കേണ്ടതാണ്<br>Written By: Pramod K (Auditor, On 17-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 08-11-2021) | 1-16 |
| 22 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.<br>Written By: Pramod K (Auditor, On 17-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 09-11-2021) | 1-17 |
| 23 | വനിതാ ഘടക പദ്ധതിയുടെ ഭാഗമായ പരിശീലന പരിപാടിയിൽ പങ്കെടുത്തവരിൽ ഭൂരിഭാഗവും പുരുഷൻമാർ<br>Written By: Anu Abraham (Auditor, On 18-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 08-11-2021) | 1-18 |
| 24 | സമഗ്ര ക്യാൻസർ നിയന്ത്രണ പദ്ധതി- രേഖകൾ ഹാജരാക്കാത്തത് - 25000രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു.<br>Written By: Sabitha.K (Auditor, On 20-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 08-11-2021) | 1-19 |
| 25 | വനിതകൾക്ക് പെണ്ണാട് വിതരണം (പട്ടികജാതി ) ചെലവ് സംബന്ധിച്ച മുഴുവൻ രേഖകളും ഹാജരാക്കാത്തതും മറ്റ് അപാകങ്ങളും - 45000രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു.<br>Written By: Pramod K (Auditor, On 20-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 09-11-2021) | 1-20 |
| 26 | എസ് എസ് എ -തുക വിനിയോഗിക്കപ്പെടുന്നതിന് മുമ്പ് വിനിയോഗ സാക്ഷ്യപത്രം നല്കി<br>Written By: Sabitha.K (Auditor, On 21-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 08-11-2021) | 1-21 |
| 27 | പദ്ധതി നിർവ്വഹണത്തിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല<br>Written By: Sabitha.K (Auditor, On 21-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 08-11-2021) | 1-22 |
| 28 | വിതരണ രേഖകൾ ഹാജരാക്കിയില്ല -213180 രൂപയുടെ | 1-23 |

| | | |
|---|---|---|
| | ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Sabitha.K (Auditor, On 21-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 09-11-2021) | |
| 29 | ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടത്തിനു മുകളിൽ സോളാർ പവർപ്ലാന്റുകൾ സ്ഥാപിച്ചതുമായി ബന്ധപ്പെട്ട ഓഡിറ്റ് നിരീക്ഷണങ്ങൾ<br>Written By: Sindhu T P (Audit Officer, On 22-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 08-11-2021) | 1-24 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | പദ്ധതി രൂപീകരണം,നിർവ്വഹണം,മോണിറ്ററിംഗ്-പ്രിന്റിംഗ് ചാർജ്ജിനത്തിൽ ₹ 2700 അധികം അനുവദിച്ചു-തുക തിരിച്ചടക്കേണ്ടതാണ്<br>Written By: Sindhu T P (Audit Officer, On 03-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 08-11-2021) | 3-1 |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Sindhu T P (Audit Officer, On 15-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 09-11-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sindhu T P (Audit Officer, On 19-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 08-11-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sindhu T P (Audit Officer, On 19-10-2021)<br>Last Updated By: Sindhu T P (Audit Officer, On 19-10-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Sindhu T P (Audit Officer, On 19-10-2021)<br>Last Updated By: Sindhu T P (Audit Officer, On 19-10-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Sindhu T P (Audit Officer, On 15-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 08-11-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Sindhu T P (Audit Officer, On 10-10-2021)<br>Last Updated By: Sindhu T P (Audit Officer, On 10-10-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Sindhu T P (Audit Officer, On 19-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 08-11-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Sindhu T P (Audit Officer, On 10-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 08-11-2021) | 4-8 |
| 9 | ചാർജ്ജ് സർച്ചാർജ്ജ് നടപടികളുടെ വിവരങ്ങൾ<br>Written By: Sindhu T P (Audit Officer, On 10-10-2021)<br>Last Updated By: Sindhu T P (Audit Officer, On 10-10-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sindhu T P (Audit Officer, On 21-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 08-11-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Sindhu T P (Audit Officer, On 10-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 09-11-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

| | |
|---|---|
| 2 | ധനകാര്യ പത്രികകൾ |

## ഭാഗം -1

### 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ ബജറ്റ് 26.02.19 തീയതിയിലെ 31/19 തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് 26.03.2020ലെ 68/20 നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 1,50,06,031 | 1,96,40,737 |
| വരവ് | 37,83,31,433 | 31,64,43,929 |
| ആകെ | 39,33,37,464 | 33,60,84,666 |
| ചെലവ് | 37,45,41,658 | 33,36,24,717 |
| നീക്കിയിരിപ്പ് | 1,87,95,806 | 24,59,949 |

ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പാസാക്കി നല്കുന്ന ബജറ്റ് അതേപടി അവതരിപ്പിക്കുകയും അടുത്ത മീറ്റിംഗിൽ അംഗീകരിക്കുകയുമാണ് ചെയ്യുന്നത്. ബജറ്റ് ചർച്ചകൾ മിനുട്സ് ചെയ്യപ്പെട്ടിട്ടില്ല. ജന്റർ ബജറ്റും പെർഫോമൻസ് ബജറ്റും തയ്യാറാക്കിയിട്ടില്ല.

ഘടക സ്ഥാപനങ്ങളുടെ നോൺ പ്ലാൻ ഹെഡിനത്തിലുള്ള ബജറ്റ് നിർദ്ദേശങ്ങൾ സ്വീകരിച്ച് ക്രോഡീകരിച്ചതായി മിനുട്സ് ചെയ്യപ്പെട്ടിട്ടില്ല. ബജറ്റ് ഫയൽ കൃത്യമായി സൂക്ഷിക്കേണ്ടതും ബജറ്റ് മാന്വലിലെ നിർദ്ദേശങ്ങൾ പാലിച്ചു കൊണ്ട് നിശ്ചിത സമയപരിധിക്കകം വിവിധ നടപടിക്രമങ്ങളിലൂടെ കടന്നു പോകാൻ ശ്രദ്ധിക്കേണ്ടതുമാണ്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2020 | 15.06.2020 | തിരിച്ചയച്ചിട്ടില്ല |

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 02.06.2020 ലെ 91/2020 നമ്പർ തീരുമാന പ്രകാരമാണ് 2019-20 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക അംഗീകരിച്ചത്.

### 1-2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ

1. ആസ്തി/ഡിപ്രീസിയേഷൻ കണക്കാക്കിയതുമായി ബന്ധപ്പെട്ട പത്രിക പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ലാത്തതിനാൽ ബി 11, ആർ പി 38, 1-17(എ) ഷെഡ്യൂളുകളിൽ രേഖപ്പെടുത്തിയ തുകയുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. മുൻ വർഷത്തെ ബി 11 ഷെഡ്യൂൾ പ്രകാരമുള്ള ആസ്തി വിവരങ്ങളോട് ഓഡിറ്റ് വർഷത്തെ ആർ പി 38 പ്രകാരമുള്ള പുതിയ ആസ്തികളുടെ മൂല്യം കൂട്ടിയാൽ തൻവർഷത്തെ ബി 11 പ്രകാരമുള്ള മൂല്യം ലഭിക്കുന്നില്ല. (ഉദാ: ബിൽഡിംഗ്സ് -അദ്ദേഴ്സ്, റോഡ്സ് -ടാർഡ്). ഗ്രാമപഞ്ചായത്ത് ഓഫീസിലേക്ക് ഫർണ്ണിച്ചർ വാങ്ങുന്നതിനായി ചെലവഴിച്ച തുക (₹23,00,259) ആർ പി 38 ൽ ഉൾപ്പെടുത്തിയിട്ടില്ല.

2. ഭൂജല വകുപ്പിൽ 2018-19 സാമ്പത്തിക വർഷം ഒടുക്കിയതിൽ വിനിയോഗിക്കാതെ അവശേഷിച്ച 299563രൂപയും അനർട്ടിന് സോളാർ പവർപ്ലാന്റ് സ്ഥാപിക്കുന്നതിനായി ഡെപ്പോസിറ്റ് ചെയ്തതിൽ വിനിയോഗിച്ച ശേഷം ബാക്കിയായ 3561/- രൂപയും തിരികെ ലഭിച്ചത് (വികസന ഫണ്ട്) സഞ്ചിത നിധിയിലേക്ക് തിരിച്ചടച്ചിട്ടില്ല. ഡെപ്പോസിറ്റ് തുക ബി 18 ഷെഡ്യൂളിൽ ഉൾപ്പെടുത്താത്തതും അപാകമാണ്.

3. ജില്ലാ ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നും ലഭ്യമായ തുകയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. രേഖപ്പെടുത്തലുകൾ അവ്യക്തവുമാണ്. അതുകൊണ്ടുതന്നെ വാർഷിക ധനകാര്യ പത്രികയിൽ ഈയിനങ്ങളിൽ രേഖപ്പെടുത്തിയ തുകയുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

4. വാർഷിക ധനകാര്യ പത്രികയിലെ ബി 4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പായി കാണിച്ച വിവിധ ഗ്രാന്റിനങ്ങൾ യഥാസമയം വിനിയോഗിച്ചിട്ടില്ല. സ്പിൽ ഓവർ പദ്ധതിയായി തുടരുന്നതു കൊണ്ടാണ് തുക തിരിച്ചടക്കാത്തതെന്നാണ് അറിയിച്ചത്. ലഭ്യമാകുന്ന തുക അതാത് ആവശ്യങ്ങൾക്ക് സമയബന്ധിതമായി ഉപയോഗപ്പെടുത്താത്തത് അപാകമാണ്.

5. 2019-20 ൽ പൂർത്തീകരിച്ചതും ബിൽ തുക നല്കാൻ സാധിക്കാത്തതുമായ പദ്ധതികളുമായി ബന്ധപ്പെട്ട ക്യൂബിൽ തുക (₹1,88,99,770) ബാലൻസ് ഷീറ്റിൽ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല.

6. തൊഴിൽ നികുതി-ട്രേഡേഴ്സ് - ഡിമാന്റ് രജിസ്റ്ററിലെ തുകയും വാർഷിക ധനകാര്യ പത്രികയിലെ തുകയും പൊരുത്തപ്പെടുന്നില്ല. അഡ്വാൻസ് കലക്ഷനായി രേഖപ്പെടുത്തിയ തുകയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

| ഡിമാന്റ് രജിസ്റ്റർ പ്രകാരം ഡിമാന്റ് | ഐ-6 ഷെഡ്യൂൾ പ്രകാരം ഡിമാന്റ് |
|---|---|
| 5,39,750 | 11,02,950 |

7. സംയുക്ത പദ്ധതികൾക്കായി മുൻവർഷങ്ങളിൽ ലഭിച്ചതും നാളിതു വരെ വിനിയോഗിക്കാതെ അവശേഷിക്കുന്നതുമായ തുക സംയുക്തപദ്ധതികൾക്കായുള്ള ട്രഷറി അക്കൗണ്ടിൽ നിഷ്ക്രിയമായി കിടക്കുന്നു. പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചു കൊണ്ട് സമയബന്ധിതമായി തുക ചെലവഴിക്കുകയോ തിരിച്ചടക്കുകയോ ചെയ്തിട്ടില്ല എന്നത് അപാകമാണ്.

8. അദർ ഫിനാൻസ് എക്സ്പെൻസസ് എന്ന ഹെഡിൽ (ആർ പി 14 ഷെഡ്യൂൾ) രേഖപ്പെടുത്തിയ 9,05,198രൂ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ശമ്പളം ഇനത്തിലുള്ള തുക സർക്കാരിലേക്ക് തിരിച്ചടച്ച തുകയാണ്. ഹെഡ് മാറി രേഖപ്പെടുത്തലുകൾ വരുത്തിയത് ശരിയല്ല.

9. ഡെപ്പോസിറ്റ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ ക്രമപ്രകാരമല്ല. ഹെഡുതിരിച്ചുള്ള വിവരങ്ങൾ രേഖപ്പെടുത്താതെ വിവരങ്ങൾ തുടർച്ചയായി രേഖപ്പെടുത്തുകയാണ് ചെയ്തത്. ആയത് വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വിവരങ്ങളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. 2001 മുതലുള്ള ഡെപ്പോസിറ്റുകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നതായി പ്രസ്തുത രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ലാപ്സ്ഡ് ഡെപ്പോസിറ്റ് പഞ്ചായത്തു ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടില്ല.

10. ഗുണഭോക്തൃവിഹിതമിനത്തിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക (ബി 4 ഷെഡ്യൂൾ-₹568190) ഏത് പദ്ധതിക്കു വേണ്ടി ശേഖരിച്ചതാണെന്ന് വ്യക്തമാക്കപ്പെട്ടിട്ടില്ല . ഗുണഭോക്തൃവിഹിതം യഥാസമയം വിനിയോഗിക്കാതിരുന്നത് ശരിയല്ല.

11. ബി-9 ഷെഡ്യൂളിൽ അദർ ലയബിലിറ്റീസ് ഇനത്തിൽ ചേർത്ത 359243/- രൂപ ഏതിനത്തിലുള്ളതാണെന്ന് വ്യക്തമാക്കപ്പെട്ടിട്ടില്ല.

12.ദുരിതാശ്വാസ നിധി – ബി 2 ഷെഡ്യൂളിൽ 10330/- രൂപയും ആർ പി 40(ബി) യിൽ 7230/- രൂപയുമാണ് നീക്കിയിരിപ്പായി കാണിച്ചിട്ടുള്ളത്. 3100/- രൂപയുടെ വ്യത്യാസമുണ്ട്.

13. ചെക്ക് നമ്പർ 945821/03.05.19 പ്രകാരം സെക്രട്ടറിയുടെ എസ് ബി ഐ -തനത് ഫണ്ട് അക്കൗണ്ടിൽ നിന്ന് , ലൈഫ് ഭവന പദ്ധതിക്കായി വി ഇ ഒ യ്ക്ക് നല്കിയ 11,60,000/- രൂപ (₹6,50,000-ജനറൽ പ്രോജക്ട് നമ്പർ 75/20, ₹5,10,000- എസ് ടി പ്രോജക്ട് നമ്പർ 80/20) വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. സുലേഖ ചെലവു പത്രികയിൽ പ്രസ്തുത ചെലവ് വന്നിട്ടില്ല.

14. കെ യു ആർ ഡി എഫ് സി യിൽ നിന്നും 1,31,40,000/- രൂപ വായ്പയെടുത്തതിൽ 1,18,62,955/- രൂപയാണ് 2018-19,19-20 സാമ്പത്തിക വർഷങ്ങളിലായി വി ഇ ഒ യ്ക്ക് കൈമാറിയിട്ടുള്ളത്. ബാക്കി തുകയായ 12,77,045/- രൂപയുടെ വിനിയോഗം സംബന്ധിച്ച വിവരങ്ങൾ വ്യക്തമല്ല. ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള എസ് ബി ഐ തനത് ഫണ്ട് അക്കൗണ്ടിലാണ് വായ്പ തുക ക്രെഡിറ്റ് ചെയ്യപ്പെട്ടത്. വായ്പാ വിനിയോഗം നിരീക്ഷിക്കുന്നതിനാവശ്യമായ രേഖകൾ തയ്യാറാക്കേണ്ടതാണ്.

15. അംഗൻവാടി ജീവനക്കാരുടെ 2018-19 സാമ്പത്തിക വർഷത്തെ ഹോണറേറിയം ഇനത്തിൽ വികസന ഫണ്ടിൽ (ജനറൽ) നിന്നും കുറവു ചെയ്ത 766500/- രൂപ ചെലവിൽ ഉൾപ്പെടുത്തിയിട്ടില്ല. വികസനഫണ്ട് ജനറൽ ഇനത്തിൽ

ഐ 6 ഷെഡ്യൂളിലും സുലേഖ ചെലവു പത്രികയിലും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലും വന്ന ചെലവുകൾ ചുവടെ ചേർക്കുന്നു.

| ഐ 6 ഷെഡ്യൂൾ പ്രകാരം വരവ്/ ചെലവ് | സുലേഖ ചെലവു പത്രിക പ്രകാരം ചെലവ് | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം ചെലവ് |
|---|---|---|
| 1,91,10,393 | 1,86,10,393 | 1,77,13,334 |

അംഗൻവാടി ജീവനക്കാരുടെ ഓണറേറിയം ഇനത്തിൽ 2019-20 ലേക്കുള്ള 5,11,000/- രൂപ വീതം ഒടുക്കാൻ ഗ്രാന്റ് അനുവദിച്ച് കൊണ്ടുള്ള ഉത്തരവുകളിൽ നിർദ്ദേശിച്ചിരുന്നുവെങ്കിലും ഇതിനായി 2019-20 സാമ്പത്തിക വർഷം പദ്ധതി തയ്യാറാക്കിയിട്ടില്ല.
(ഓഡിറ്റ് എൻക്വയറി നമ്പർ 2/19-20, 30.09.21)

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 4,98,97,007.23 |
| വരവ് | 8,65,18,166 |
| ആകെ | 13,64,15,173.23 |
| ചെലവ് | 9,53,04,873 |
| നീക്കിയിരിപ്പ് | 4,11,10,300.23 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം-ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹2,700 |
| ഓഡിറ്റിൽ തടസപ്പെടുത്തിയ തുക | ₹2,83,180 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ക്യൂബിൽ | നീക്കിയിരിപ്പ് (ക്യൂബിൽ ഉൾപ്പെടെ) |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 2,51,22,000 (സ്രോതസ്സിൽ നിന്ന് കുറവു ചെയ്ത തുക ഉൾപ്പെടെ) | 2,51,22,000 | 1,93,76,893 (സ്രോതസ്സിൽ നിന്ന് കുറവു ചെയ്ത തുക ഉൾപ്പെടെ) | 34,85,600 | 57,45,107 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 2039000 | 2039000 | 1697600 | 223813 | 341400 |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ടി.എസ്.പി | 0 | 3505000 | 3505000 | 2173729 | 495780 | 1331271 |
| മെയിന്റനൻസ്, റോഡ് | 0 | 14414000 | 14414000 | 5818979 | 6929325 | 8595021 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 7231000 | 7231000 | 4033143 | .. | 3197857 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 16446054 | 16446054 | 7868975 | 7765252 | 8577079 |
| സാക്ഷരത | 35600.96 | 1207 | 36807.96 | 0 | .. | 36807.96 |
| ദുരിതാശ്വാസ നിധി | 6952 | 278 | 7230 | 0 | .. | 7230(**) |
| ശുചിത്വ മിഷൻ ഗ്രാന്റ് | 488500 | 616500 | 1105000 | 492000 | .. | 613000 |
| എം.പി.എൽ.എ.ഡി | 14075 | 483 | 14558 | 53 | .. | 14505 |
| മറ്റ് സർക്കാർ ഏജൻസികളിൽ നിന്നുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ | 232987 | 5807956 | 6040943 | 5240352 | .. | 800591 |
| ടി എസ് സി | 100314 | 0 | 100314 | 0 | .. | 100314 |
| ഡബ്ല്യു ജി ഡി പി | 44557 | 1535 | 46092 | 0 | .. | 46092 |
| ഐ സി ഡിഎസ്-കേന്ദ്ര വിഹിതം | 1757128 | 1018989 | 2776117 | 20,55,254 | .. | 720863 |
| പൈക്ക | 76426 | 2630 | 79056 | 0 | .. | 79056 |
| കാനം വയൽ സാംസ്കാരിക നിലയം | 37,00,000 | 0 | 37,00,000 | 1440859 | .. | 2259141 |
| കാനം വയൽ പാലം നിർമ്മാണം-കോർപ്പസ് ഫണ്ട് | റെക്ടിഫിക്കേഷൻ ജേണൽ എൻട്രി ചെയ്ത് ഉൾപ്പെടുത്തിയത്-2014-15-ൽ ലഭിച്ച തുക 1.5കോടി. ചെലവ് 21,92,778/- രൂപ | | | | .. | 1,28,07,222 |
| എംഎൻആർഇ.ജിഎസ് - 100 തൊഴിൽ ദിനങ്ങൾ | 0 | 444000 | 444000 | 444000 | 0 | 0 |

| | | | | | | |
|---|---|---|---|---|---|---|
| പൂർത്തിയാക്കിയവർക്കുള്ള ബോണസ് | | | | | | |
| ജലനിധി | 177966 | 494423 | 672389 | 672357(***) | 0 | 32 |
| മറ്റ് പ്രത്യേക അവാർഡുകൾ | 100000 | 0 | 100000 | 0 | .. | 100000 |

മറ്റ് ഗ്രാന്റിനങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ യഥാവിധി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വരവു ചെലവുകളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല

ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റ് മെന്റ് ഹാജരാക്കിയിട്ടുണ്ടെങ്കിലും യഥാർത്ഥ വരവുചെലവുകളുമായി പൊരുത്തപ്പെടുന്നില്ല.

(**) ബി 2 ഷെഡ്യൂളിൽ 10330/- രൂപയാണ് നീക്കിയിരിപ്പായി ചേർത്തിട്ടുള്ളത്.

(***) ചെലവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

## 1-4-1 വികസന ഫണ്ട് -ജനറൽ- ചെലവു രേഖപ്പെടുത്തിയതിലെ അപാകങ്ങൾ

താഴെ പറയുന്ന ഉത്തരവുകൾ പ്രകാരമാണ് ഗ്രാമപഞ്ചായത്തിന് വികസന ഫണ്ട് അനുവദിച്ചിട്ടുള്ളത്.

| | ഉത്തരവ് നമ്പർ തീയതി | അനുവദിച്ച തുക | സ്രോതസ്സിൽ നിന്ന് കുറവു ചെയ്തത് | അറ്റതുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | Go(Rt)2772/19/Fin, 03.04.19 | 8374000 | -- | 8374000 | -- |
| 2 | Go(Rt)6105/19/Fin, 01.08.19 | 8374000 | 448529 (കെ.യു.ആർ.ഡി. എഫ്.സി ലോൺ തിരിച്ചടവ്) | 7925471 | അംഗൻവാടി ജീവനക്കാരുടെ 2019-20ലെ ഹോണറേറിയം ഇനത്തിൽ 511000/- രൂപ ഒടുക്കു വരുത്താൻ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ആയത് ചെയ്തിട്ടില്ല. |
| 3 | Go(Rt)10050/19/Fin, 21.12.19 | 8374000 | ₹766500 (അംഗൻവാടി ജീവനക്കാരുടെ 2018-19ലെ ഹോണറേറിയം) ₹448530 (കെ യു ആർ ഡി എഫ് സി ലോൺ തിരിച്ചടവ്) | 7158970 | അംഗൻവാടി ജീവനക്കാരുടെ 2019-20ലെ ഹോണറേറിയം ഇനത്തിൽ 511000/- രൂപ ഒടുക്കു വരുത്താൻ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ആയത് ചെയ്തിട്ടില്ല. |
| | ആകെ | 25122000 | | 23458441 | |

ക്രമനമ്പർ 3 ലെ ഉത്തരവിൽ അംഗൻവാടി ജീവനക്കാരുടെ 2018-19 ലെ ഹോണറേറിയം ഇനത്തിൽ 766500/- രൂപ കുറവ് ചെയ്തതായി വ്യക്തമാക്കിയിട്ടുണ്ടെങ്കിലും ഇതേ ആവശ്യത്തിനായി 2019-20ൽ പദ്ധതി തയ്യാറാക്കിയിട്ടുണ്ട് (പ്രോജക്റ്റ് നമ്പർ 295/20). പ്രസ്തുത പദ്ധതിയിൽ 5 ലക്ഷം രൂപ വികസന ഫണ്ട് ജനറലും 266500/- രൂപ തനതു ഫണ്ടും വകയിരുത്തുകയും 266500/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. വികസന ഫണ്ടിനത്തിൽ ചെലവു വന്നിട്ടില്ലെങ്കിലും ഐ-6 ഷെഡ്യൂളിൽ വികസന ഫണ്ട് ജനറൽ വരവായി ചേർത്ത തുകയിൽ ഈ തുകയും ഉൾപ്പെടുന്നുണ്ട്.

2019-20 സാമ്പത്തിക വർഷം ഓണറേറിയം ഇനത്തിൽ അടവാക്കേണ്ടുന്ന തുക ഒടുക്കു വരുത്തേണ്ടതും 2018-19 സാമ്പത്തിക വർഷം അധികമായി ഒടുക്കിയ തുക ക്രമീകരിക്കേണ്ടതുമാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 270 | 138478419 | 169 | 75929070 | 87 | 101 | 82 | 30.37 |

(*)ക്യൂബില്ലിൽ ഉൾപ്പെട്ട പദ്ധതികൾ നടപ്പാക്കാത്തവയിലാണ് ഉൾപ്പെടുത്തിയത്.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകരിച്ച പ്രോജക്ടുകളുടെ എണ്ണം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം | പദ്ധതി അടങ്കൽ | പദ്ധതി ച്ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 4 | 4520790 | 4383790 | 96.97 |
| വെറ്ററിനറി സർജൻ | 9 | 9 | 5332002 | 4543523 | 85.21 |
| മെഡിക്കൽ ഓഫീസർ-പിഎച്ച്സി | 7 | 7 | 2791430 | 2780823 | 99.6 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 1 | 500000 | 500000 | 100 |
| വി ഇ ഒ | 15 | 14 | 21286958 | 10697875 | 50.26 |
| ഐസിഡിഎസ് സൂപ്പർവൈസർ | 6 | 4 | 6591339 | 4753083 | 72.11 |
| സെക്രട്ടറി | 25 | 20 | 9939056 | 7716669 | 77.64 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 187 | 98 | 81818733 | 35692456 | 43.62 |
| ഹെഡ്മാസ്റ്റർ | 5 | 4 | 1304195 | 1240395 | 95.1 |
| അസിസ്റ്റന്റ് സെക്രട്ടറി | 10 | 7 | 2120376 | 1346916 | 63.5 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 2273540 | 2273540 | 100 |
| ആകെ | 270 | 169 | 138478419 | 75929070 | 54.83 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 19,263 | 18,63,411 | 18,82,674 | 16,54,027 | 2,28,647 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 39241649 | 3,92,41,649 | 3,92,41,649 | 0 |
| ആകെ | 19263 | 4,11,05,060 | 4,11,24,323 | 4,08,95,676 | 2,28,647 |

സാധനങ്ങളുടെ വിലയിനത്തിൽ 45.65 ലക്ഷം രൂപയും വിദഗ്ധ/അർദ്ധ വിദഗ്ധ തൊഴിലാളികളുടെ കൂലിയിനത്തിൽ 76.95 ലക്ഷം രൂപയും കൈമാറിയിട്ടുണ്ട്.

## 1-6-1 പാണ്ടിക്കടവ് - മുളപ്ര റോഡ് കോൺക്രീറ്റ്- മുഴുവൻ സാധനങ്ങളും സപ്ലൈ ചെയ്യാതെ കരാർ ലംഘനം നടത്തിയ വെണ്ടർക്കെതിരെ നടപടികൾ സ്വീകരിക്കാത്തത് -ലിക്വിഡേറ്റഡ് ഡാമേജസ് ഇനത്തിൽ 36722രൂപ ഈടാക്കേണ്ടതാണ്

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി നടപ്പാക്കിയ പാണ്ടിക്കടവ്- മുളപ്ര റോഡിൽ 535 മീറ്റർ കോൺക്രീറ്റ് ചെയ്യുന്നതിനായി തയ്യാറാക്കിയ പ്രസ്തുത പദ്ധതിയിൽ സാധനങ്ങൾ വിതരണം ചെയ്യുന്നതിനായി കരാറിലേർപ്പെട്ടത് ശ്രീ.വി.പി.സെബാസ്റ്റ്യൻ എന്ന വ്യക്തിയുമായാണ്. ടിയാൻ കൃത്യമായി സാധനങ്ങൾ വിതരണം ചെയ്യാത്തതിനാൽ പ്രവൃത്തി പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ലെന്നും ചെയ്തു വരെയുള്ള മൂല്യനിർണ്ണയം നടത്തി കരാറുകാരന് തുക നല്കാനും ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 30.07.19 ലെ 153/19 നമ്പർ തീരുമാനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 326.5 മീറ്റർ റോഡ് പ്രവൃത്തി മാത്രമാണ് പൂർത്തിയാക്കാൻ കഴിഞ്ഞത്.

കരാർ വ്യവസ്ഥകളിൽ "If The Contractor Fails To Deliver All Or Any Of The Stores Or Perform The Service Within The Time Period Specified In The Contract , The Purchasor Shall Not Without Prejudice To Its Other Remedies Under Contract , Deduct From The Contractor Price As Liquidated Damages A Sum Equivalent To 0.5% Of The Delivered Price Of Delayed Stores For Each Week Of Delay Until Actual Delivery Or Performance Upto A Maximum Deduction Of 10% Of The Contract Prices Of The Delayed Stores." എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 14,89,027/- രൂപയുടെ സാധനങ്ങൾ വിതരണം ചെയ്യേണ്ട സ്ഥാനത്ത് 11,21,811/- രൂപയുടെ സാധനങ്ങൾ മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്. വിതരണം ചെയ്യാതെ അവശേഷിക്കുന്ന സാധനങ്ങളുടെ വിലയായ 1489027-1121811=367216 യുടെ 10% ആയ 36722/- രൂപ ലിക്വിഡേറ്റഡ് ഡാമേജസ് ഇനത്തിൽ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 6/7.10.21 ന് മറുപടിയായി 30.07.19 ലെ 153/19 നമ്പർ തീരുമാന പ്രകാരം ബ്ലോക്ക് പഞ്ചായത്ത് എം എൽ എ ഫണ്ടുപയോഗപ്പെടുത്തി പ്രവൃത്തി ചെയ്യുന്നതിനാലാണ് ബാക്കി പദ്ധതി ഉപേക്ഷിച്ചതെന്നാണ് അറിയിച്ചത്. ആയത് ശരിയല്ല. ബ്ലോക്ക് ഫണ്ട് സംബന്ധിച്ച തീരുമാനം എടുത്തത് 24.01.2020ലെ ഭരണസമിതി യോഗത്തിൽ മാത്രമാണ്. മറുപടിയിൽ സൂചിപ്പിച്ച തീയതിയിൽ കരാറുകാരൻ സാധനങ്ങൾ വിതരണം ചെയ്യാൻ വീഴ്ച വരുത്തിയിട്ടുള്ളതിനാലാണ് പ്രവൃത്തി പൂർത്തിയാക്കാൻ കഴിയാത്തതെന്നും ചെയ്തു വരെയുള്ള പ്രവൃത്തിക്ക് പാർട്ട് ബിൽ നല്കാൻ അക്രഡിറ്റഡ് എഞ്ചിനീയറെ ചുമതലപ്പെടുത്തുന്നു എന്നുമാണ് തീരുമാനമെടുത്തിട്ടുള്ളത്.

ആസ്തി രജിസ്റ്ററിലെ രേഖപ്പെടുത്തലുമായി പൊരുത്തപ്പെടാത്തത്

24.01.2020 ലെ 10/2020(3) നമ്പർ തീരുമാനത്തിൽ എം എൽ എ യുടെ ആസ്തി വികസന പദ്ധതിയിൽ പെടുത്തി ബ്ലോക്ക് പഞ്ചായത്ത് പ്രസ്തുത പ്രവൃത്തി ഏറ്റെടുത്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. എം എൽ എ ഫണ്ടുപയോഗിച്ച് ഏത് റീച്ചിലാണ് പ്രവൃത്തി ചെയ്തത് എന്നതു സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. ഇതേ റോഡിൽ തന്നെ 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിലായി അസിസ്റ്റന്റ് എഞ്ചിനീയറുടെ പദ്ധതികളിൽ ഉൾപ്പെടുത്തി മെയിന്റനൻസ് പ്രവൃത്തികളും ചെയ്തിട്ടുണ്ട്. ആസ്തി രജിസ്റ്ററിൽ 1.24കി മീ ആണ് റോഡിന്റെ ആകെ നീളം. മുഴുവൻ ലങ്ത്തും ടാർ ചെയ്തതായാണ് ആയതിൽ രേഖപ്പെടുത്തിയിട്ടുള്ളത്. കോൺക്രീറ്റ് പോർഷൻ ഉൾപ്പെട്ടതായി ആസ്തി രജിസ്റ്ററിൽ കാണിച്ചിട്ടില്ല. മൺപണി മുതലുള്ള പ്രവൃത്തികൾ ഉൾപ്പെടുത്തിയാണ് ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. ഇതു സംബന്ധിച്ച അന്വേഷണം നടത്തി മറുപടി ലഭ്യമാക്കേണ്ടതിലേക്കായി വിഷയം വികസന കാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധയിൽ പെടുത്തുന്നു.

മാത്രമല്ല, കരാറുകാരന്റെ ബില്ലുകളിൽ നിന്നും 2% ജി എസ് ടി സ്രോതസ്സിൽ നിന്നും കുറവു ചെയ്യാത്തതും അപാകമാണ്.

## 1-6-2 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- രേഖകളുടെ സൂക്ഷിപ്പ്

ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് സൂക്ഷിച്ചിട്ടുള്ള ഫയലുകൾ അപൂർണ്ണമാണ്. മെറ്റീരിയൽ പ്രവൃത്തികളുടെ ഫയലുകളിൽ പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും ഉൾപ്പെടുത്തിയിട്ടില്ല. സാധനങ്ങൾ വിതരണം ചെയ്യുന്നതിനായി ടെണ്ടർ ക്ഷണിക്കുന്നതിന്റെയും തെരഞ്ഞെടുക്കപ്പെട്ട കരാറുകാരനുമായി കരാർ ചമച്ചതിന്റെയും വിവരങ്ങൾ ഫയലിൽ ഇല്ല. രേഖപ്പെടുത്തലുകൾ ഇല്ലാത്ത മുദ്രപ്പത്രങ്ങൾ പ്രത്യേകമായി ഫയൽ ചെയ്യുകയാണ് ചെയ്യുന്നത്. കരാർ വ്യവസ്ഥകൾ എഴുതിച്ചേർക്കാതെയും കരാറുകാരനും സെക്രട്ടറിയും ഒപ്പ് വെക്കാതെയും സൂക്ഷിച്ച മുദ്രപ്പത്രങ്ങൾ പോലും ഉണ്ട്. പേരിനു മാത്രം രേഖകൾ സൂക്ഷിക്കുന്ന ഈ പ്രവണത കർശനമായും ഒഴിവാക്കേണ്ടതാണ്.

സിറ്റിസൺ ഇൻഫോർമേഷൻ ബോർഡ് സ്ഥാപിക്കുന്നതിനായി 4800/- രൂപ വീതമാണ് നല്കി വരുന്നത്. ബോർഡ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റ് തയ്യാറാക്കുകയോ ബോർഡ് സ്ഥാപിക്കുന്ന വിഷയം സാധനങ്ങളുടെ ടെണ്ടറിൽ ഉൾപ്പെടുത്തുകയോ ബോർഡിന്റെ സ്പെസിഫിക്കേഷൻ വ്യക്തമാക്കുകയോ ചെയ്തിട്ടില്ല.

സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കിയിട്ടുണ്ടോ എന്ന് വ്യക്തമല്ല. സെക്യൂരിറ്റി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഫയലുകളിൽ ഇതു സംബന്ധിച്ച രേഖപ്പെടുത്തലുകളില്ല.

പ്രവൃത്തി തുടങ്ങുന്നതിനു മുമ്പും പ്രവൃത്തി നടന്നു കൊണ്ടിരിക്കുമ്പോഴും അവസാനിച്ച ശേഷവും ഉള്ള സൈറ്റുകളുടെ ഫോട്ടോകൾ ഫയലുകളുടെ ഭാഗമാക്കിയിട്ടില്ല.

## 1-6-3 സാധനങ്ങളുടെ വാങ്ങൽ നടപടികൾ- സർക്കാർ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല

സാധനങ്ങളുടെ ആവശ്യകത നിർണ്ണയിച്ച് ഒരുമിച്ച് ടെണ്ടർ ചെയ്തില്ല

തദ്ദേശ സ്വയം ഭരണവകുപ്പിന്റെ 31.03.2012 ലെ സഉ(കൈ)284/12/എൽ.എസ്.ജി.ഡി ഉത്തരവു പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമാണ് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായുള്ള വാങ്ങലുകൾ നടത്തേണ്ടത്. പ്രസ്തുത ഉത്തരവിൽ വ്യക്തമായ പ്രൊക്യൂർമെന്റ് പ്ലാനിന്റെ അടിസ്ഥാനത്തിലായിരിക്കണം വാങ്ങൽ നടപടികളിലേക്ക് കടക്കേണ്ടത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഓരോ പ്രവൃത്തിക്കും പ്രത്യേകമായി ടെണ്ടർ ക്ഷണിക്കുകയും പ്രത്യേകം പ്രത്യേകം കരാറുകാരെ നിശ്ചയിക്കുകയുമാണ് ചെയ്തിട്ടുള്ളത്. ആയത് കൂടുതൽ അളവിൽ സാധനങ്ങൾ വാങ്ങുമ്പോൾ കിട്ടാവുന്ന ലാഭം ലഭിക്കാതിരിക്കാൻ കാരണമാകുന്നുണ്ട്. ഒരേ തീയതിയിലെ പ്രൊക്യൂർമെന്റ് കമ്മറ്റി തീരുമാനത്തിൽ ഉൾപ്പെടുന്ന പ്രവൃത്തികൾക്കാവശ്യമായ സാധനങ്ങളുടെ കാര്യത്തിൽ പോലും ഒരുമിച്ച് ടെണ്ടർ ക്ഷണിച്ചില്ല എന്നത് ഗുരുതരമായ അപാകമാണ്. ഭാവിയിൽ അപാകം ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

സാധനങ്ങൾ സ്റ്റാക്ക് ചെയ്ത് അളവെടുക്കാതെ കരാറുകാർക്ക് തുക നല്കി

സാധനങ്ങൾ സൈറ്റിൽ എത്തിക്കുന്ന മുറക്ക് അളവെടുക്കുന്നതിനായി സ്റ്റാക്ക് ചെയ്യുക എന്നത് വിതരണക്കാരുടെ ഉത്തരവാദിത്തമാണ്. എന്നാൽ ആയത് ചെയ്തതായി എം ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. ഓരോ സൈറ്റിലേയും സ്റ്റോക്ക് വിതരണ വിവരങ്ങൾ (പ്രതിദിന കണക്കുകൾ) മേറ്റുമാർ തയ്യാറാക്കിയത് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

ടെണ്ടർ ഫോറം -സ്റ്റോക്ക് & സെയിൽ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി നടത്തുന്ന ടെണ്ടറുകളുടെ ടെണ്ടർ ഫോറം വില്പനയുമായി ബന്ധപ്പെട്ട വിവരങ്ങൾ രേഖപ്പെടുത്തുന്ന സ്റ്റോക്ക് & സെയിൽ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ടെണ്ടർ ഫോറം വില ഫ്രണ്ട് ഓഫീസിൽ അടക്കുകയാണ് ചെയ്യുന്നതെന്നാണ് ഇതിനു മറുപടിയായി അറിയിച്ചത്.

കരാറുകളിൽ വ്യവസ്ഥകൾ എഴുതിച്ചേർത്തിട്ടില്ല

കരാർ വ്യവസ്ഥകൾ എഴുതിച്ചേർക്കാത്ത മുദ്രപ്പത്രങ്ങളാണ് ഹാജരാക്കിയിട്ടുള്ളത്. വ്യവസ്ഥകൾ എഴുതിച്ചേർക്കാത്ത കരാറുകൾ ദുരുപയോഗം ചെയ്യപ്പെടാൻ സാധ്യതയുണ്ട്.

മുഴുവൻ പ്രവൃത്തികളുടെയും മുദ്രപ്പത്രങ്ങൾ പ്രത്യേകം ഫയൽ ചെയ്ത് സൂക്ഷിക്കുകയാണ്. ഇതേ രീതിയിൽ തന്നെയാണ് ടെണ്ടർ ഫയലുകളും സൂക്ഷിച്ചിട്ടുള്ളത്. അതാത് വർക്ക് ഫയലുകളിൽ ആയതുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും സൂക്ഷിക്കേണ്ടതാണ്. ഒരുമിച്ച് ടെണ്ടർ ചെയ്യുന്ന സംഗതികളിൽ മാത്രം പ്രത്യേകം ഫയൽ സൂക്ഷിച്ചാൽ മതിയാകും.

അപാകങ്ങൾ പരിഹരിക്കേണ്ടതും ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 71520 | 60 |
| കർഷകതൊഴിലാളി പെൻഷൻ | 4669200 | 774 |
| വിധവാപെൻഷൻ | 6353400 | 1031 |
| വാർദ്ധക്യകാലപെൻഷൻ | 15959100 | 2733 |
| ഭിന്നശേഷിയുള്ളവർക്കുള്ള പെൻഷൻ | 2292700 | 397 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതകൾ ക്കുള്ള പെൻഷൻ | 314400 | 60 |

## 1-8 ക്യാഷ് ബാലൻസ്

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.09.2021 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 10305/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഓഫീസ് ഉത്തരവുകളിലൂടെ ചുമതലാ വിഭജനം നടത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നല്കുകയും ചെയ്യുന്നുണ്ടെങ്കിലും സെക്ഷനുകളുടെ പ്രവർത്തനങ്ങൾ കൃത്യമായി നിരീക്ഷിക്കപ്പെടുന്നില്ല. ഗ്രാമപഞ്ചായത്ത് പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനാവശ്യമായ രജിസ്റ്ററുകളും രേഖകളും കൃത്യമായി സൂക്ഷിക്കാത്തത് പരിശോധനയ്ക്ക് തടസ്സം സൃഷ്ടിച്ചിട്ടുണ്ട്.
സ്റ്റാഫ് മീറ്റിംഗ് ചേർന്ന് ജീവനക്കാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നല്കുന്നുണ്ട്.

സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താക്കളുടെ അർഹതാ പരിശോധന നടത്തുന്നതിനായി സർക്കാർ നിർദ്ദേശ പ്രകാരമുള്ള പ്രത്യേക ടീമിനെ നിയോഗിച്ചിട്ടില്ല. അതുകൊണ്ടു തന്നെ മരണപ്പെട്ടശേഷവും ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് പെൻഷൻ കൈമാറ്റം ചെയ്യപ്പെടാനും അതുപോലെ അനർഹർക്ക് പെൻഷൻ വിതരണം ചെയ്യാനും ഇടയാകുന്നുണ്ട്.

ആസ്തി രജിസ്റ്ററിൽ കൃത്യമായ വിവരങ്ങൾ യഥാസമയം രേഖപ്പെടുത്തി കാലികമാക്കാത്തതും ഗുരുതരമായ വീഴ്ചയാണ്. പ്രസ്തുത രജിസ്റ്റർ അടിസ്ഥാനമാക്കി പദ്ധതികൾ തയ്യാറാക്കുമ്പോൾ ഓവർലാപ്പിംഗ് വരാൻ സാധ്യതയുണ്ട്.വിവിധ ഏജൻസികളിൽ നിന്നു ലഭ്യമാകുന്ന ഫണ്ടിനങ്ങളുടെ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ വരവു ചെലവുകളുടെ ആധികാരികത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

## 1-10 ഗ്രാമസഭകൾ, വർക്കിംഗ് ഗ്രൂപ്പ് -അവലോകനം

ഗ്രാമസഭ

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്ത് പരിധിയിൽ 8/19,2/20 മാസങ്ങളിൽ വിവിധ തീയതികളിലായി രണ്ടു തവണ വീതമാണ് ഗ്രാമസഭകൾ സമ്മേളിച്ചിട്ടുള്ളത്. വാർഷിക പദ്ധതി രൂപീകരണ ചർച്ചകൾ, പദ്ധതി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കൽ, ദുരന്ത നിവാരണ പദ്ധതി, ശുചിത്വം, ഹരിതകേരള മിഷൻ , പുതിയ ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ പേരു വിവരങ്ങൾ വായിക്കൽ, ജലസംരക്ഷണ പ്രവർത്തനങ്ങൾ, ഓഡിറ്റ് റിപ്പോർട്ട്, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി,ആരോഗ്യ ജാഗ്രത തുടങ്ങിയ വിഷയങ്ങളുമായി ബന്ധപ്പെട്ട ചർച്ചകൾ നടന്നതായി മിനുട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ഗ്രാമസഭാ മിനുട്സുകളിൽ അതാത് ഗ്രാമസഭകളിൽ പങ്കെടുത്ത 15 പേരെങ്കിലും മിനുട്സ് സാക്ഷ്യപ്പെടുത്തിയിരിക്കണം എന്ന വ്യവസ്ഥ പാലിക്കപ്പെട്ടിട്ടില്ല. അപാകം ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

വർക്കിംഗ് ഗ്രൂപ്പ്

13 വർക്കിംഗ് ഗ്രൂപ്പുകളാണ് രൂപീകരിച്ചിട്ടുള്ളത്. വർക്കിംഗ് ഗ്രൂപ്പുകളിൽ കൂടുതലും പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട ചർച്ചകളാണ് നടക്കുന്നത്. പദ്ധതി അവലോകനം, മോണിറ്ററിംഗ് എന്നീ ചുമതലകൾ നിർവ്വഹിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തിയിട്ടില്ല. അപാകം ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-11 രജിസ്റ്റർ സൂക്ഷിപ്പ്

1.ഡെപ്പോസിറ്റ് രജിസ്റ്റർ

ഓരോ ഇനം ഡെപ്പോസിറ്റുകളും വർഷം തിരിച്ച് രേഖപ്പെടുത്തി സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഒരു ക്രമവുമില്ലാതെ വിവിധ കാലയളവുകളിൽ ലഭിച്ച ഡെപ്പോസിറ്റുകൾ രേഖപ്പെടുത്തി പേജ് തിരിച്ചുള്ള ആകെ തുകയാണ് സംക്ഷിപ്ത പട്ടികയിൽ എഴുതുന്നത്.

2.അഡ്വാൻസ് രജിസ്റ്റർ

മുൻകൂർ നല്കുന്നത് ക്രമമായി രേഖപ്പെടുത്തി മാസം തിരിച്ചുള്ള അഡ്ജസ്റ്റ്മെന്റ് വിവരങ്ങൾ വിവരണം സഹിതം രേഖപ്പെടുത്തുന്നില്ല. പല രേഖപ്പെടുത്തലുകളും പെൻസിൽ കൊണ്ട് ചേർത്തതാണ്. ലക്ഷക്കണക്കിന് രൂപ ക്രമീകരിക്കപ്പെട്ടിട്ടുണ്ടെന്ന് വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയതിന്റെ കൃത്യത പരിശോധിക്കുന്നതിനുള്ള സംവിധാനമില്ല.

3.അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ

വിവിധ ഏജൻസികളിൽ നിന്നും കേന്ദ്രസംസ്ഥാന സർക്കാരുകളിൽ നിന്നും വിവിധ വർഷങ്ങളിലായി ലഭിച്ച തുകയുടെ വിനിയോഗം കൃത്യമായി രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ച രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ ആധികാരികമല്ല.

4.വരവ് രജിസ്റ്ററുകൾ

വരവ് രജിസ്റ്ററുകളും യഥാവിധി പരിപാലിച്ചിട്ടില്ല.

5.ലോൺ രജിസ്റ്റർ

പരിശോധനയ്ക്കായി ഹാജരാക്കിയ ലോൺ രജിസ്റ്റർ അപൂർണ്ണമാണ്. ലോണുകൾ സംബന്ധിച്ച മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതും കാലികമാക്കേണ്ടതുമാണ്.

കെയുആർഡി എഫ് സി ലോൺ വിനിയോഗം സംബന്ധിച്ച വിശദാംശങ്ങൾ രേഖപ്പെടുത്താത്തതും അപാകമാണ്. ഗ്രാമപഞ്ചായത്തിന്റെ തനതു വരവുകൾക്കായുള്ള എസ് ബി ഐ ഓൺഫണ്ട് അക്കൗണ്ടിലാണ് ലോൺ തുക ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ളത്. പ്രസ്തുത അക്കൗണ്ടിൽ മറ്റു വരവു ചെലവുകളും ഉള്ളതിനാൽ ലോൺ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ലഭ്യമാകുന്നില്ല.

തുടർ നടപടികൾ സ്വീകരിക്കുന്നതിലേക്കും ആവശ്യമായ നിർദ്ദേശങ്ങൾ നല്കുന്നതിലേക്കുമായി പ്രസ്തുത വിഷയം പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തിന്റെയും ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെയും പ്രത്യേക ശ്രദ്ധയിൽ കൊണ്ടുവരുന്നു.

## 1-12 തനതു വരുമാന വർധനവിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല

1.ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയിട്ടില്ല

ഹാജരാക്കിയ ട്രേഡേഴ്സ് ലിസ്റ്റിൽ 2018-19 സാമ്പത്തിക വർഷം വരെയുള്ള വിവരങ്ങൾ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.ആവശ്യമായ ഫീൽഡ്തല പരിശോധനകൾ നടത്തി മുഴുവൻ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തിക്കൊണ്ട് ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതും വരുമാനച്ചോർച്ച ഒഴിവാക്കേണ്ടതുമാണ്.

2.കെട്ടിട നിർമ്മാണങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ അറിവോടെയല്ലാതെ നിലവിലുള്ള കെട്ടിടങ്ങളുടെ സ്ട്രക്ച്ചറിൽ മാറ്റം വരുത്തിയിട്ടുണ്ടോ എന്ന് അതാത് വാർഡ് മെമ്പർമാരുടെ കൂടി സഹകരണത്തോടെ പരിശോധിക്കാവുന്നതും നികുതി വർധനവിനുള്ള നിയമാനുസൃത നടപടികൾ സ്വീകരിക്കാവുന്നതുമാണ്

3.ഫാമുകൾ

ഗ്രാമപഞ്ചായത്തു പരിധിയിൽ അനധികൃതമായി പ്രവർത്തിക്കുന്ന ഫാമുകൾ, നിയമം അനുശാസിക്കുന്ന മറ്റ് വ്യവസ്ഥകൾ പാലിക്കുന്നവയാണെങ്കിൽ,കേരള പഞ്ചായത്ത് രാജ് ലൈവ്സ്റ്റോക്ക് രജിസ്ട്രേഷൻ ചട്ടങ്ങളിൽ നിർദ്ദേശിച്ച പ്രകാരമുള്ള ഫീസ് ഈടാക്കുന്നതിനും ചട്ടലംഘനത്തിനുള്ള പിഴ ഈടാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

4.പട്ടി – പന്നി ലൈസൻസ്

ലൈസൻസില്ലാതെ വളർത്തു നായകളെ പരിപാലിക്കുന്നുണ്ടെങ്കിൽ,ബന്ധപ്പെട്ട ചട്ടങ്ങളിൽ നിർദ്ദേശിച്ച പ്രകാരമുള്ള പിഴ ഈടാക്കുന്നതിനുള്ള നിരക്ക് സംബന്ധിച്ച വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടതും അതു പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-13 റോഡ് റിസ്റ്റൊറേഷൻ ഫീസ്- ഫയൽ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക പ്രകാരം 2019-20 സാമ്പത്തിക വർഷം റോഡ് റിസ്റ്റോറേഷൻ ഫീസിനത്തിൽ 48,13,920/- രൂപ വരവുണ്ട്. ചെക്ക് & ഡ്രാഫ്റ്റ്സ് രജിസ്റ്റർ പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങളാണ് തുക ഒടുക്കിയത്.

| സ്ഥാപനം | തുക ₹ |
|---|---|
| ജിയോ ഇൻഫോ കോം | 35,91,535 |
| വൊഡാഫോൺ | 2,21,794 |
| കെ എസ് ഇ ബി | 10,00,591 |
| ആകെ | 48,13,920. |

തുക ഒടുക്കിയതിന്റെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ യാതൊരു രേഖകളും പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-14 കുടിശ്ശിക ഡി എ ക്ക് ആനുപാതികമായി പങ്കാളിത്ത പെൻഷൻ വിഹിതം ഒടുക്കിയില്ല

G O (P)No. 44/2019/Fin Dt.4.4.2019 പ്രകാരം അനുവദിച്ച 1.1.2018 മുതൽ 31.3.2019 വരെയുള്ള ക്ഷാമബത്ത കുടിശ്ശിക, വൗച്ചർ നം. 21900055/12.4.2019 പ്രകാരം (2,56,602/- രൂപ) പിൻവലിച്ച് ജീവനക്കാർക്ക് നൽകിയിട്ടുണ്ട്. എന്നാൽ പങ്കാളിത്ത പെൻഷൻ ബാധകമായിട്ടുള്ള ചുവടെ ചേർത്തിട്ടുള്ള ജീവനക്കാരിൽ നിന്നും ക്ഷാമബത്ത കുടിശ്ശികയുടെ 10 ശതമാനവും,പഞ്ചായത്ത് ഒടുക്കേണ്ടിയിരുന്ന തുല്യ വിഹിതവും പ്രസ്തുത ജീവനക്കാരുടെ NPS അക്കൗണ്ടിൽ ഒടുക്കിയതായി കാണുന്നില്ല.

| ക്രമ നം. | പേര് / തസ്തിക | അനുവദിച്ച ക്ഷാമബത്ത കുടിശ്ശിക ₹ | ഒടുക്കേണ്ട എൻപിഎസ് വിഹിതം പഞ്ചായത്ത് വിഹിതം ഉൾപ്പെടെ ₹ |
|---|---|---|---|
| 1 | വിജിന. കെ. ,ക്ലർക്ക് | 11122 | 1112 +1112=2224 |
| 2 | ഷിനു.പി . ,ക്ലർക്ക് | 9378 | 938 +938=1876 |
| 3 | കവിത.പി.,ക്ലർക്ക് | 5754 | 575 +575=1150 |
| 4 | മുഹമ്മദ് യാഹിയ.ടി.വി,ക്ലർക്ക് | 735 | 74 +74 =148 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.1/19-20. തീയ്യതി.3.10.2021) ലഭ്യമാക്കിയ മറുപടിയിൽ, പ്രസ്തുത തുക ജീവനക്കാരുടെ കെ.പി.ഇ.പി.എഫ്. അക്കൗണ്ടിൽ ഒടുക്കിയിട്ടുണ്ടെന്നും, GO(P)No.19/2020/Fin-Dt.27.2.2020-ഉത്തരവ് വരുന്നതിന് മുൻപായതു കൊണ്ടാണ് മുകളിൽ പരാമർശിച്ച വിധം തുക ഒടുക്കാതിരുന്നതെന്നും അറിയിച്ചിട്ടുണ്ട്. പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാരന്റെ പ്രതിമാസ ശമ്പളവും ക്ഷാമബത്തയും ചേർന്ന തുകയുടെ 10 ശതമാനവും, തുല്യമായ സർക്കാർ വിഹിതവും ചേർത്ത് പ്രാൺ അക്കൗണ്ടിൽ നിക്ഷേപിക്കണമെന്ന് GO(P)No.20/2013/Fin-Dt.7.1.2013-ൽ സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ശമ്പള പരിഷ്കരണ/ക്ഷാമബത്ത കുടിശ്ശികകൾ ശമ്പളത്തിന്റെയും ഡി.എ. യുടെയും ഭാഗമായതിനാൽ മറുപടി തൃപ്തികരമല്ല. തുക ജീവനക്കാരുടെ പ്രാൺ അക്കൗണ്ടിൽ അടവാക്കേണ്ടതാണ്.

## 1-15 ഐ.കെ.എം.- ന് വിഹിതം നൽകൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 3/20 |
| പ്രൊജക്റ്റിന്റെ പേര് | ഐ.കെ.എം ന് വിഹിതം നൽകൽ |
| അടങ്കൽ | ₹120638 (വികസന ഫണ്ട്) |
| | |

| | |
|---|---|
| ചെലവ് | ₹120638 (വികസന ഫണ്ട്) |
| ബിൽ നം/തിയതി/തുക | 7/19-20/30.5.2019 ₹120638 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി, ചെറുപുഴ ഗ്രാമപഞ്ചായത്ത്. |

2019-20 സാമ്പത്തിക വർഷം ഐ.കെ.എം-ന് അടയ്ക്കേണ്ട വിഹിതം ഇനത്തിൽ ₹120638 എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.ന്(SBI.A/C.No.57047023512) നൽകിയിട്ടുണ്ട്. ആയതിന്റെ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.4/19-20./തീയ്യതി. 6.10.2021.) വിനിയോഗ സാക്ഷ്യപത്രം ഐ കെ എം ൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-16 പദ്ധതി രൂപീകരണം,നിർവ്വഹണം,മോണിറ്ററിംഗ്- പ്രിന്റിംഗ് ചാർജ്ജിനത്തിൽ ₹ 2700 അധികം അനുവദിച്ചു-തുക തിരിച്ചടക്കേണ്ടതാണ്

| | |
|---|---|
| പ്രൊജക്ട് നമ്പർ | 1/20 |
| പ്രൊജക്ടിന്റെ പേര് | പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ് |
| അടങ്കൽ | ₹200000 (തനത് ഫണ്ട്) |
| ചെലവ് | ₹138675 (തനത് ഫണ്ട്)<br>(പ്രസ്തുത ചെലവ് തുകയിൽ ഉൾപ്പെട്ട ചുവടെ കൊടുത്ത ചെക്ക് നമ്പറിൽ ഉൾപ്പെട്ട തുക.) |
| ബിൽ നം/ചെക്ക് നം./ തിയതി/തുക | 571191/ 6.3.2020. ₹34520 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി, ചെറുപുഴ ഗ്രാമപഞ്ചായത്ത്. |

2019-20 സാമ്പത്തിക വർഷത്തെ വർക്കിംഗ് ഗ്രൂപ്പ്, ഊരുകൂട്ടം, വികസന സെമിനാർ, കരട് പദ്ധതി രേഖ, ഗ്രാമ സഭാ നോട്ടീസ് ഉടങ്ങിയവ പ്രിന്റ് ചെയ്ത വകയിൽ പി.ആർ. പ്രിന്റേഴ്സ് ചെറുപുഴ എന്ന സ്ഥാപനം ഹാജരാക്കിയ ബിൽ (ബിൽ.നം.362 തീയ്യതി രേഖപ്പെടുത്തിയിട്ടില്ല.) തുക 31820/- രൂപയാണ്. എന്നാൽ ഈയിനത്തിൽ ശ്രീ.പി.രാഘവൻ എന്ന വ്യക്തിയുടെ സൗത്ത് ഇന്ത്യൻ ബാങ്കിന്റെ അക്കൗണ്ടിൽ (A/C.No.0613053000000225) നൽകിയിട്ടുള്ളത് 34520/- രൂപയാണ്. 2700/- രൂപ അധികം അനുവദിച്ചതിന്റെ കാരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 3/19-20 തീയ്യതി.6.10.2021) മറുപടിയൊന്നും ലഭ്യമാക്കാത്തതിനാൽ അധികം അനുവദിച്ച 2700/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക തിരികെ ഈടാക്കേണ്ടതാണ്.

## 1-17 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| പദ്ധതിയുടെ പേര് | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി. |
| പ്രൊജക്ട് നം | 94/20 |
| അടങ്കൽ | ₹2000000/- (₹500000- വികസനഫണ്ട്)<br>(₹500000-സംസ്ഥാനാവിഷ്കൃത ഫണ്ട്)<br>(₹1000000-ഗുണഭോക്തൃവിഹിതം) |
| ചെലവ് | ₹1500000<br>(₹500000/- വികസനഫണ്ട്)<br>(₹1000000-ഗുണഭോക്തൃവിഹിതം) |
| ബിൽനം/ചെക്ക് നം/തീയ്യതി/തുക | P9/2019-20/₹ 500000/18.3.2020. |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |

പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയുടെ ഗ്രാമപഞ്ചായത്ത് വിഹിതമിനത്തിൽ 5,00,000/- രൂപ എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂരിന് കൈമാറിയിട്ടുണ്ട്. പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 1-18 വനിതാ ഘടക പദ്ധതിയുടെ ഭാഗമായ പരിശീലന പരിപാടിയിൽ പങ്കെടുത്തവരിൽ ഭൂരിഭാഗവും പുരുഷൻമാർ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്റ്റ് നം | 138/20 |
| പ്രോജക്ടിന്റെ പേര് | തേനീച്ച കോളനി വിതരണം വനിതാ ഗ്രൂപ്പുകൾക്ക് (ജനറൽ) |
| ചെലവ് | ₹4,50,000 വികസന ഫണ്ട് (പൊതു വിഭാഗം)<br>₹702(തനത് ഫണ്ട്)<br>₹300468(ഗുണഭോക്തൃ വിഹിതം) |
| ബിൽ നം/തിയതി | 34/19-20 /29.2.20 ₹44100<br>35/19-20 / 29.2.20 ₹44100<br>36/19-20/ 29.2.20 ₹44100<br>37/19-20/ 29.2.20 ₹44100<br>38/19-20 / 29.2.20 ₹44100<br>39/19-20/29.2.20 ₹44100<br>40/19-20/29.2.20 ₹44100<br>46/19-20/29.2.20 ₹44100<br>47/19-20/ 29.2.20 ₹44100<br>48/19-20/29.2.20 ₹44100<br>49/19-20/ 29.2.20 ₹9000<br>₹702 -തനത് ഫണ്ട് |

2019-20 സാമ്പത്തിക വർഷത്തെ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ പ്രൊജക്ടാണ് വനിതാ ഗ്രൂപ്പുകൾക്ക് (ജനറൽ)തേനീച്ച കോളനി വിതരണം. 19 വാർഡുകളിലായി 165 വനിതാ ഗ്രൂപ്പുകൾ രൂപീകരിച്ച് 511 തേനീച്ച കോളനികൾ വിതരണം ചെയ്തിട്ടുണ്ട്. 165 ഗ്രൂപ്പുകളിലായി 825 ഓളം ഗുണഭോക്താക്കളുണ്ടെങ്കിലും 19.12.19 ന് നടത്തിയ പരിശീലന പരിപാടിയിൽ ആകെ പങ്കെടുത്തിരിക്കുന്നത് 36 പേർ മാത്രമാണ്. അതിൽ 13 സ്ത്രീകൾ മാത്രമാണുള്ളത്. പദ്ധതി മാർഗ്ഗരേഖ പ്രകാരം വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തുന്ന പ്രൊജക്ടുകൾ വനിതകളെ മാത്രം ലക്ഷ്യം വച്ച് കൊണ്ടുള്ളതാവണം. അതിനാൽ മേൽ പദ്ധതിയുടെ പരിശീലന പരിപാടിയിൽ പുരുഷൻമാർ പങ്കെടുത്തത് ക്രമപ്രകാരമല്ല.(സ.ഉ.(കൈ)11/2018/ തസ്വഭവ, തീയതി 29.01.18 ഉത്തരവിലെ ഖണ്ഡിക 6.3.10(iii) കാണുക).

മേൽ പ്രൊജക്റ്റ് പ്രകാരം ചെറുതേനീച്ച കോളനി വിതരണം ചെയ്യേണ്ടത് വനിതാ ഗ്രൂപ്പുകൾക്കാണ്. എന്നാൽ ഗുണഭോക്തൃ ലിസ്റ്റിൽ ഓരോ ഗ്രൂപ്പിൽ നിന്ന് ഒരാളുടെ പേര് മാത്രമാണുള്ളത്. ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കിയിരിക്കുന്നത് ഗ്രൂപ്പ് തലത്തിൽ അല്ല. മേൽ അപാകങ്ങൾ ചൂണ്ടിക്കാണിച്ച് നൽകിയ എൻക്വയറിക്ക് (നം.

12/12.10.21), ഗ്രൂപ്പ് ലീഡർമാരുടെ പേരുകളാണ് ലിസ്റ്റിൽ ഉൾപ്പെടുത്തിയതെന്നും ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണ് എന്നും മറുപടി നൽകിയിട്ടുണ്ട്.

## 1-19 സമഗ്ര ക്യാൻസർ നിയന്ത്രണ പദ്ധതി- രേഖകൾ ഹാജരാക്കാത്തത് - 25000രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ പി എച്ച് സി |
| പ്രൊജക്ട് നം/പേര് | 49/20 ,സമഗ്ര ക്യാൻസർ നിയന്ത്രണ പദ്ധതി |
| അടങ്കൽ | 25000/-(വികസന ഫണ്ട്) |
| ചെലവ് | |
| ബിൽ നം ,തീയ്യതി ,തുക<br>ബിൽ നം ,തീയ്യതി ,തുക | 6/19-20, 10 -7-19 , ₹5200/- ,<br>33/19-20, 30 -3-20 , ₹19800/- , |
| ആകെ ചെലവ് | ₹25000 |

ക്യാൻസർ രോഗം ആരംഭത്തിലെ കണ്ടെത്തി ചികിൽസിക്കുക, ഇതു സംബന്ധിച്ച് ബോധവല്ക്കരണം നടത്തി ക്യാൻസർ വിമുക്ത പഞ്ചായത്ത് ആക്കുക, തുടർ പ്രവർത്തനങ്ങൾ നടത്തുക എന്നീ ലക്ഷ്യങ്ങളോടെ നടപ്പിലാക്കിയ മേൽ പദ്ധതി പ്രകാരം 25000/- രൂപ (ക്യാൻസർ ബോധവല്ക്കരണം ലഘുലേഖകൾ അച്ചടിച്ച വകയിൽ 5200/- രൂപ, മലബാർ ക്യാൻസർ കെയർ സോസൈറ്റിക്ക് 18000/- രൂപ, പ്രൈമറി ഹെൽത്ത് സെന്ററിലെ നേഴ്സിന് 1800/- രൂപ) വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് പരിധിയിൽ ബോധവല്ക്കരണ ക്ലാസ് നടത്തിയതുമായി ബന്ധപ്പെട്ട രേഖകൾ ഒന്നും തന്നെ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. കൂടാതെ പദ്ധതി മോണിറ്ററിംഗ് നടത്തിയ മോണിറ്ററിംഗ് റിപ്പോർട്ടും ഹാജരാക്കിയിട്ടില്ല. പഞ്ചായത്ത് പരിധിയിൽ എവിടെ വച്ച് ക്ലാസ് നടത്തി എത്ര പേർ പങ്കെടുത്തു എന്നത് സംബന്ധിച്ച് വിവരങ്ങളും മേൽ പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ടോ എന്ന വിവരവും ലഭ്യമാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 11/12-10-21 മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ 25000/- രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു.

## 1-20 വനിതകൾക്ക് പെണ്ണാട് വിതരണം (പട്ടികജാതി ) ചെലവ് സംബന്ധിച്ച മുഴുവൻ രേഖകളും ഹാജരാക്കാത്തതും മറ്റ് അപാകങ്ങളും - 45000രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു.

1.

| | |
|---|---|
| പദ്ധതിയുടെ പേര് | വനിതകൾക്ക് പെണ്ണാട് വിതരണം (പട്ടികജാതി) |
| പ്രൊജക്ട് നം | 288/20 |
| അടങ്കൽ | ₹120000/- (₹90000 വികസനഫണ്ട് .എസ്.സി.പി,<br>₹30000-ഗുണഭോക്തൃവിഹിതം) |
| ചെലവ് | ₹120000<br>(₹90000/- വികസനഫണ്ട് .എസ്.സി.പി,<br>₹30000-ഗുണഭോക്തൃവിഹിതം) |
| ബിൽനം/ചെക്ക് നം/തീയ്യതി/തുക | (1)P13/2019-20/22.2.2020/₹ 45000<br>(2)P8/2019-20/7.11.2019/₹ 45000. |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |

മേൽ പദ്ധതിയുടെ ഭാഗമായി ബിൽ.നം.P8/2019-20/7.11.2019 പ്രകാരം നടത്തിയ 45000/- രൂപയുടെ ചെലവുമായി ബന്ധപ്പെട്ട താഴെ പറയുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.

1. ഗുണഭോക്താക്കളുടെ റേഷൻ കാർഡ് ഉൾപ്പെടെയുള്ള അപേക്ഷകൾ
2. ആടിനെ വിറ്റവരുടെ അക്കൗണ്ടുകളിലേക്ക് തുക കൈമാറിയതിന്റെ രേഖകൾ
3. മോണിറ്ററിംഗ് റിപ്പോർട്ട്

രേഖകളുടെ അഭാവത്തിൽ 45000/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

2. ഗുണഭോക്തൃവിഹിതം ശേഖരിച്ചത്- കണക്കുകളിൽ അവ്യക്തത-രേഖകൾ ഹാജരാക്കേണ്ടതാണ്

2019-20സാമ്പത്തിക വർഷം വിവിധ പദ്ധതികൾ നടപ്പാക്കുന്നതിന്റെ ഭാഗമായി ഗുണഭോക്തൃവിഹിതം ശേഖരിച്ചതുമായി ബന്ധപ്പെട്ട രസീറ്റ് ബുക്കുകൾ ഹാജരാക്കാത്തതിനെ തുടർന്ന് ഓഡിറ്റ് അന്വേഷണം നല്കുകയും 20.10.21 തീയതിയിൽ രസീറ്റ് ബുക്കുകൾ ഹാജരാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത രസീറ്റ് ബുക്കുകൾ പ്രകാരം ശേഖരിച്ച തുക ഗ്രാമപഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല. സുലേഖ ചെലവ് പത്രിക പ്രകാരം ഗുണഭോക്തൃവിഹിതമിനത്തിൽ ചെലവ് വന്ന തുകയും ബന്ധപ്പെട്ട ലെഡ്ജർ പ്രകാരമുള്ള വരവ് ചെലവുകളും രസീറ്റ് ബുക്കുകൾ വഴി ശേഖരിച്ച തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.കലക്ഷൻ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | രസീത് ബുക്ക് നമ്പർ | രസീത് നമ്പർ | ഈടാക്കിയ തുക ₹ | തീയ്യതി. | ആകെ തുക ₹ |
|---|---|---|---|---|---|
| 1 | 43645 | 1 മുതൽ 100 വരെ (100 എണ്ണം) | 550 രൂപ വീതം | 18.01.2020. | 100X550=55,000 |
| 2 | 43646 | 1മുതൽ 100വരെ (100എണ്ണം) | 550 രൂപവീതം | 18.1.2020 | 100X550=55,000 |
| 3 | 43647 | 1മുതൽ 100വരെ (100എണ്ണം) | 550 രൂപ വീതം | 17.2.2020. | 100X550=55,000 |
| 4 | 43648 | 1മുതൽ 100വരെ (100എണ്ണം) | 550 രൂപ വീതം | 17.2.2020 | 100X550=55,000 |
| 5 | 43651 | 1മുതൽ 100വരെ (100എണ്ണം) | 550 രൂപ വീതം | 31.3.2020. | 100X550=55,000 |
| 6 | 43652 | 1മുതൽ 100വരെ (100എണ്ണം) | 550 രൂപ വീതം | 31.3.2020 | 100X550=55,000 |
| 7 | 43659 | 1മുതൽ 100വരെ (100എണ്ണം) | 550 രൂപ വീതം | 31.3.2020 | 100X550=55,000 |
| 8 | 43660 | 1മുതൽ 100വരെ (100എണ്ണം) | 550 രൂപ വീതം | 31.3.2020 | 100X550=55,000 |
| 9 | 25707 | 1 മുതൽ 18വരെ (18 എണ്ണം) | 550 രൂപ വീതം | 31.3.2020 | 18X550= 9,900 |
| | | | | ആകെ | ₹4,49,900 |

(1) മുകളിൽ പരാമർശിച്ച ക്രമനമ്പർ 1 മുതൽ 9 വരെയുള്ള ആകെ തുക ഗ്രാമ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയതിന്റെ വിവരം രസീതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം ഹാജരാക്കേണ്ടതാണ്.

(2) ക്രമ നമ്പർ 9-ൽ പരാമർശിച്ച രസീത് നമ്പർ 25707-രസീത് ബുക്ക് സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 21.12.2015-ന് അനുവദിച്ചിട്ടുള്ളതാണ്. പ്രസ്തുത രസീത് ബുക്കിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തിയിട്ടില്ല. 2015-ൽ അനുവദിച്ച രസീത് ബുക്ക് ക്യാൻസൽ ചെയ്യാതെ ഉപയോഗിച്ചതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

(3) ഗുണഭോക്തൃ വിഹിതം ശേഖരിച്ചതിന്റെ പ്രോജക്ട് തിരിച്ചുള്ള വിവരങ്ങളും (റസീറ്റ് നമ്പർ, ഒടുക്കിയ തീയതി, ഗ്രാമപഞ്ചായത്ത് റസീറ്റ് സഹിതം) ചെലവഴിച്ചതിന്റെ വിവരങ്ങളും ലഭ്യമാക്കേണ്ടതാണ്.

രേഖകൾ ക്രമപ്രകാരമല്ലാതെ ഹാജരാക്കുന്ന പ്രവണത ഭാവിയിൽ കർശനമായും ഒഴിവാക്കേണ്ടതാണ്.

## 1-21 എസ് എസ് എ -തുക വിനിയോഗിക്കപ്പെടുന്നതിന് മുമ്പ് വിനിയോഗ സാക്ഷ്യപത്രം നല്കി

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| പ്രൊജക്ട് നം/പേര് | 45/20 ,എസ് എസ് എ വിഹിതം നൽകൽ |
| അടങ്കൽ | 944095/-(വികസന ഫണ്ട്) |

| | |
|---|---|
| ചെലവ് | |
| ബിൽ നം ,തീയ്യതി ,തുക | 1/19-20/, 15-6-19 , ₹9,44,095 |

മേൽ പദ്ധതി പ്രകാരം ജില്ലാ പ്രോജക്ട് ഓഫീസറുടെ അക്കൗണ്ട് നം. 0704101110720 ലേക്ക് 9,44,095/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ പ്രോജക്ട് ഓഫീസറുടെ 24-7-2019 ലെ നം.എ/371/18/Ssk നമ്പർ കത്ത് പ്രകാരം 2019-20 വർഷം ഗ്രാമ പഞ്ചായത്ത് വിഹിതമായി 4,76,397/- രൂപയാണ് നൽകേണ്ടിയിരുന്നത്. 9,44,095/- രൂപ നൽകിയതിൽ 4,76,397/- രൂപ കഴിച്ചുള്ള തുക അടുത്ത വർഷത്തെ വിഹിതമായി എടുക്കാം എന്നാണ് അറിയിച്ചിരുന്നത്. എന്നാൽ പ്രോജക്ട് ഓഫീസർ ഗ്രാമപഞ്ചായത്തിന് നല്കിയ വിനിയോഗ സാക്ഷ്യപത്രത്തിൽ 2019-20 സാമ്പത്തിക വർഷം തന്നെ 9,44,095/- രൂപയും വിനിയോഗിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്.
ഫണ്ട് വിനിയോഗത്തിന്റെ ഇനം തിരിച്ചുള്ള കണക്കുകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (10/12-10-2021) മറുപടിലഭ്യമാക്കിയിട്ടില്ല. ഇനം തിരിച്ചുള്ള വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-22 പദ്ധതി നിർവ്വഹണത്തിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല

| | |
|---|---|
| പ്രൊജക്ട് നം/ പേര് | 50/20,ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് |
| അടങ്കൽ | ₹20,50,000 (₹11,25,000 – വികസന ഫണ്ട് പൊതുവിഭാഗം)<br>₹4,62,500 ബ്ലോക്ക് പഞ്ചായത്ത് വിഹിതം , ₹4,62,500 ജില്ലാ പഞ്ചായത്ത് വിഹിതം) |
| ചെലവ് | ₹15,87,500 |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐസി.ഡി.എസ്.സൂപ്പർവൈസർ |

ബിൽ നമ്പർ 9/19-20,10-3-20 പ്രകാരം ചെലവഴിച്ച 3,96,450/- രൂപയിൽ നിന്നും ശാരിരീക വെല്ലുവിളി നേരിടുന്ന ഗുണഭോക്താക്കൾക്ക് മാനസിക വെല്ലുവിളി നേരിടുന്നവർക്ക് നൽകേണ്ടുന്ന നിരക്കിൽ സ്കോളർഷിപ്പ് തുക നല്കിയതിനാൽ, ശ്രീ ടി മുരളീധരൻ, ശ്രീ. ടി ഡി മാത്യു എന്നിവർ അധികം കൈപ്പറ്റിയ 46,900/- രൂപ ഐ സി ഡി എസ് സൂപ്പർവൈസർക്ക് പണമായി തിരിച്ചു നൽകുകയും ആ തുക അർഹരായ മറ്റ് ഗുണഭോക്താക്കൾക്ക് (ശ്രീമതി മേഴ്സി കെ ജെ-₹18,050, ശ്രീ കുര്യൻ മാത്യു- ₹28,500, ശ്രീമതി സൗമ്യ- ₹350) പണമായി തന്നെ നൽകുകയും ചെയ്തിട്ടുണ്ട്.
സർക്കാർ ഉത്തരവ് ജി ഒ (എം.എസ്) 22/2018/തസ്വഭവ ,14.02.2018 (7.1.7 കുറിപ്പിൽ 3) പ്രകാരം ധനസഹായ തുക നിർവഹണ ഉദ്യോഗസ്ഥൻ ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് അതാത് മാസം തന്നെ നൽകണം എന്നിരിക്കെ മേൽപ്പറഞ്ഞ പ്രകാരം തുക നൽകിയതിനുള്ള കാരണം വിശദമാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (20/20-10-2021) അറിവില്ലായ്മ കാരണം സംഭവിച്ചതാണ് എന്നാണ് മറുപടി നല്കിയത്. ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-23 വിതരണ രേഖകൾ ഹാജരാക്കിയില്ല -213180 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

A)

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രൊജക്ട് നം/പേര് | 74/20 വയോജനങ്ങൾക്ക് കട്ടിൽ (പട്ടിക ജാതി വിഭാഗം) |
| അടങ്കൽ | 29,920/- (വികസനഫണ്ട് – എസ്.സി.പി.) |
| ചെലവ് | ബിൽ നം ,തീയ്യതി ,തുക : 8/19-20 16-12-19 , ₹26,180 |

B)

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രൊജക്ട് നം/പേര് | 78/20 വയോജനങ്ങൾക്ക് കട്ടിൽ (പട്ടിക വർഗ്ഗ വിഭാഗം) |
| അടങ്കൽ | 2,16,920/- (വികസനഫണ്ട് – ടി.എസ്.പി.) |

| ചെലവ് | ബിൽ നം ,തീയ്യതി ,തുക : 9/19-20 29-1-20 , ₹1,87,000 |
|---|---|

മേൽ പദ്ധതികൾ പ്രകാരം ജെ കെ ഫർണ്ണിച്ചർ ,തേർത്തല്ലി എന്ന സ്ഥാപനത്തിൽ നിന്നും 3740/- രൂപ നിരക്കിൽ 57 കട്ടിലുകൾ വാങ്ങിയിട്ടുണ്ട്. (പ്രോജക്ട് നം.74പ്രകാരം 7 എണ്ണം, പ്രോജക്ട് നം.78 പ്രകാരം 50 എണ്ണം). എന്നാൽ കട്ടിലുകൾ ഗുണഭോക്താകൾക്ക് വിതരണം നടത്തിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 5/7.10.21) ലഭ്യമാക്കിയ മറുപടിയിൽ വിതരണ രേഖകൾ ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണ് എന്നാണ് അറിയിച്ചത്. വിതരണ രേഖകൾ ഹാജരാക്കാത്തതിനാൽ ഈ ഇനത്തിൽ ചെലവഴിച്ച 2,13,180/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-24 ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടത്തിനു മുകളിൽ സോളാർ പവർപ്ലാന്റുകൾ സ്ഥാപിച്ചതുമായി ബന്ധപ്പെട്ട ഓഡിറ്റ് നിരീക്ഷണങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ സെക്രട്ടറി

1.പ്രോജക്ട് നമ്പർ 137/17, പ്ലാസ്റ്റിക്, ഇ മാലിന്യങ്ങൾ ശേഖരിക്കുന്നതിനുള്ള ഷെഡ് നിർമ്മാണവും സോളാർ പാനൽ സ്ഥാപിക്കലും എന്ന പദ്ധതിയുടെ ഭാഗമായി സോളാർ പാനൽ സ്ഥാപിക്കുന്നതിനായി 4,85,543/- രൂപ അനർട്ടിൽ ഡെപ്പോസിറ്റ് ചെയ്യുകയും 3 കിലോവാട്ട് ഓഫ് ഗ്രിഡ് പാനൽ സ്ഥാപിച്ച ശേഷം 2,00,145/- രൂപ ബാക്കിയായതായി അറിയിച്ചതിനെ തുടർന്ന് 3 കിലോവാട്ട് ഓൺഗ്രിഡ് പാനൽ കൂടി സ്ഥാപിക്കുന്നതിനായി 27.12.19 തീയതിയിൽ അനർട്ടുമായി കരാർ വെക്കുകയുമാണ് ചെയ്തത്. ആയത് 2019-20 ലെ വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. സോൾജൻ എനർജി പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തെയാണ് ഓൺഗ്രിഡ് പാനൽ സ്ഥാപിക്കുന്നതിനായി അനർട്ട് ചുമതലപ്പെടുത്തിയിട്ടുള്ളത്.

3. ഓഫ് ഗ്രിഡ് സംവിധാനം 27.08.19 തീയതിയിലും ഓൺഗ്രിഡ് സംവിധാനം 19.10.20 തീയതിയിലും പ്രവർത്തനക്ഷമമാക്കിയിട്ടുണ്ടെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഓഫ്ഗ്രിഡ് സംവിധാനം പ്രവർത്തനക്ഷമമല്ല എന്നാണ് ഇതുമായി ബന്ധപ്പെട്ട നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 17/15.10.2021 ന് നല്കിയ മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളത്. കാലാവസ്ഥ അനുകൂലമെങ്കിൽ പ്രതിദിനം 3 മുതൽ 3.5 യൂനിറ്റ് വരെ വൈദ്യുതി ഒരു കിലോവാട്ട് പ്ലാന്റിൽ നിന്നും ലഭ്യമാകുമെന്നിരിക്കെ (ആകെ 9 To 10.5 യൂനിറ്റ്), ഓഫ് ഗ്രിഡ് പ്ലാന്റ് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാതിരുന്നത് ഗുരുതരമായ പിഴവാണ്. അനർട്ടുമായി ബന്ധപ്പെട്ട് പ്ലാന്റ് പ്രവർത്തനക്ഷമമാക്കുന്നതിനും കറണ്ട് ചാർജ്ജിനത്തിൽ വരുന്ന ചെലവ് കുറക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. നിലവിൽ കറണ്ട് കണക്ഷൻ എടുക്കുന്നതിനായി കെഎസ് ഇ ബിയിൽ പ്രാരംഭ ഡെപ്പോസിറ്റായി ഒടുക്കിയ തുകയിൽ നിന്നും ക്രമീകരിക്കുന്നതിനാലാണ് കറണ്ട് ബില്ലിൽ കുറവു വരുന്നത് എന്ന കാര്യവും ശ്രദ്ധയിൽ പെടുത്തുന്നു.

4. മെറ്റീരിയൽ കലക്ഷൻ സെന്ററിനായി നിർമ്മിച്ച പഴയ പഞ്ചായത്ത് ഓഫീസിന്റെ മുകൾ നിലയിലെ ഹാളിനു മുകളിലായി ഓഫ് ഗ്രിഡ് പ്ലാന്റ് സ്ഥാപിക്കാനാണ് പദ്ധതി തയ്യാറാക്കിയതെങ്കിലും പുതിയ ഓഫീസ് കെട്ടിടത്തിനു മുകളിൽ തന്നെയാണ് സ്ഥാപിച്ചിട്ടുള്ളത്.മെറ്റീരിയൽ കലക്ഷൻ സെന്റർ കെട്ടിടം അപ്പാരൽ പാർക്ക് ആയാണ് നിലവിൽ പ്രവർത്തിക്കുന്നതെന്നും ഗ്രാമപഞ്ചായത്തിൽ നിന്നും അറിയിക്കുകയുണ്ടായി. പദ്ധതി ആസൂത്രണത്തിലെ പിഴവിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്.

5. ഓൺഗ്രിഡ് പ്ലാന്റിൽ നിന്നും കാലാവസ്ഥ അനുകൂലമെങ്കിൽ 1 കിലോവാട്ട് പ്ലാന്റിൽ നിന്നും പ്രതിദിനം 4 യൂനിറ്റ് വൈദ്യുതിയാണ് ഉപയോഗത്തിന് ലഭ്യമാവുക എന്ന് അനർട്ടിന്റെ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഓൺഗ്രിഡ് സംവിധാനത്തിൽ കൂടുതലായി വരുന്ന വൈദ്യുതി കെഎസ്ഇബിക്ക് കൈമാറുന്നതുമായി ബന്ധപ്പെട്ട കണക്കുകളൊന്നും തന്നെ കെ എസ് ഇ ബി യിൽ നിന്നും ലഭ്യമായിട്ടില്ല. ആയത് പരിശോധിക്കപ്പെടേണ്ടതും രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്.

6. പദ്ധതികൾ പൂർത്തിയായതിനെ തുടർന്ന് അനർട്ട് തിരികെ നല്കിയ 3561/- രൂപ 20.10.2021 തീയതിയിലാണ് സഞ്ചിത നിധിയിലേക്ക് തിരിച്ചടച്ചിട്ടുള്ളത്.

7. എം എൻ ആർ ഇ യിൽ നിന്നും അർഹമായ സബ്സിഡി ലഭ്യമായിട്ടുണ്ടോ എന്ന് ഫയലിൽ നിന്നു വ്യക്തമാകുന്നില്ല. ആസൂത്രണത്തിലെ പിഴവുകൾ കാരണം പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

അപാകങ്ങൾ പരിഹരിക്കേണ്ടതും അനുബന്ധ രേഖകൾ സഹിതം വിശദമായ മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

### 3-1 പദ്ധതി രൂപീകരണം,നിർവ്വഹണം,മോണിറ്ററിംഗ്- പ്രിന്റിംഗ് ചാർജ്ജിനത്തിൽ ₹ 2700 അധികം അനുവദിച്ചു-തുക തിരിച്ചടക്കേണ്ടതാണ്

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 1/20 |
| പ്രൊജക്റ്റിന്റെ പേര് | പദ്ധതിരൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ് |
| അടങ്കൽ | ₹200000(തനത് ഫണ്ട്) |
| ചെലവ് | ₹138675( തനത് ഫണ്ട്)<br>(പ്രസ്തുത ചെലവ് തുകയിൽ ഉൾപ്പെട്ട ചുവടെ കൊടുത്ത ചെക്ക് നമ്പറിൽ ഉൾപ്പെട്ട തുക.) |
| ബിൽനം/ചെക്ക്നം/ തിയതി/തുക | 571191/ 6.3.2020. ₹34520 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി, ചെറുപുഴ ഗ്രാമപഞ്ചായത്ത്. |

2019-20 സാമ്പത്തിക വർഷത്തെ വർക്കിംഗ് ഗ്രൂപ്പ്, ഊരുകൂട്ടം, വികസന സെമിനാർ, കരട് പദ്ധതി രേഖ, ഗ്രാമ സഭാ നോട്ടീസ് ഉടങ്ങിയവ പ്രിന്റ് ചെയ്ത വകയിൽ പി.ആർ. പ്രിന്റേഴ്സ്, ചെറുപുഴ എന്ന സ്ഥാപനം ഹാജരാക്കിയ ബിൽ (ബിൽ.നം.362 തീയ്യതി രേഖപ്പെടുത്തിയിട്ടില്ല.) തുക 31820/- രൂപയാണ്. എന്നാൽ ഈയിനത്തിൽ ശ്രീ.പി.രാഘവൻ എന്ന വ്യക്തിയുടെ സൗത്ത് ഇന്ത്യൻ ബാങ്കിന്റെ അക്കൗണ്ടിൽ (A/C.No.0613053000000225) നൽകിയിട്ടുള്ളത് 34520/- രൂപയാണ്. 2700/- രൂപ അധികം അനുവദിച്ചതിന്റെ കാരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 3/19-20 തീയ്യതി.6.10.2021) മറുപടിയൊന്നും ലഭ്യമാക്കാത്തതിനാൽ അധികം അനുവദിച്ച 2700/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക തിരികെ ഈടാക്കേണ്ടതാണ്.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 01.10.2021 മുതൽ<br>06.10.2021 വരെ | കെ.എസ്.എ/കെ.എൻ.ആർ/സി.1/1161/2021<br>തീയതി: 09.11.2021 |

### 4-2 സംയുക്തപ്രോജക്റ്റുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 500000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി,154/20 | 500000 | 0 |
| | | 100000 | സാന്ത്വന പരിചരണം,21/20 | 100000 | 0 |
| | | 462500 | ശാരീരിക മാനസീക | 0 | 462500 |

| | | | | | |
|---|---|---|---|---|---|
| | | | വെല്ലുവിളികൾക്ക് നേരിടുന്നവർക്ക് സ്കോളർഷിപ്പ്, 50/20 | | |
| | | 2200000 | ലൈഫ് ഭവന പദ്ധതി, ജനറൽ-75/20 | 0 | 2200000 |
| | | 5,00,000 | കാനംവയൽ ഇടക്കോളനി നടപ്പാലം നിർമ്മാണം, 165/20 | 0 | 5,00,000 |
| | ആകെ | 3762500 | | 600000 | 3162500 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 873540 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി,154/20 | 873540 | 0 |
| | | 300000 | സാന്ത്വന പരിചരണം,21/20 | 300000 | 0 |
| | | 462500 | ശാരീരിക മാനസീക വെല്ലുവിളികൾക്ക് നേരിടുന്നവർക്ക് സ്കോളർഷിപ്പ്, 50/20 | 462500 | 0 |
| | ആകെ | 1636040 | | 1636040 | 0 |

അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകളുടെ വിഹിതമായി വിവിധ വർഷങ്ങളിൽ ലഭിച്ചതും നിലവിൽ വിനിയോഗിക്കാതെ അവശേഷിക്കുന്നതുമായ തുകയുടെ വിശദാംശങ്ങൾ പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. എ സി ആർ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്.

സംയുക്ത പദ്ധതികൾക്കായി ലഭിക്കുന്ന തുക മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ പാലിച്ച കൊണ്ട് അതാത് സാമ്പത്തിക വർഷം തന്നെ ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക മാനദണ്ഡങ്ങൾ പാലിച്ച കൊണ്ട് തിരിച്ചടക്കേണ്ടതാണ്.

268/20,236/20 എന്നീ പ്രോജക്ടുകൾക്കു വേണ്ടി മുൻവർഷം ലഭിച്ച തുകയിൽ നിന്നും ചെലവു വന്നിട്ടുണ്ട്.

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പ യുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇഎംഎസ് ഭവന പദ്ധതി ലോൺ | ജി.ഒ. (എം എസ്)90/ 2013/ എൽഎസ്. | ₹5839204 (പലിശനിരക്ക് 12%-10.75%- സംസ്ഥാന | 5,42,931 | 5,42,931 | 60,789 | മുതൽ അടച്ചു തീർന്നു. പലിശ കണക്കാക്കുന്ന |

| | | | | | | |
|---|---|---|---|---|---|---|
| | ജി ഡി/ 14.03.13<br>66,67,500/- രൂപ വായ്പ യെടുക്കാൻ | സർക്കാർ,1.25% ഗ്രാമപഞ്ചായത്ത്) | | | | മാന ദണ്ഡവും പലിശ യിന ത്തിൽ അടക്കാ നുള്ള തുകയുടെ വിശദാംശ ങ്ങളും ലഭ്യമല്ല. |
| ഹഡ്കോ ലോൺ- കെയുആർ ഡി എഫ് സി- ലൈഫ് ഭവന നിർമ്മാണ പദ്ധതി | ലഭ്യമല്ല | 1,31,40,000 | 1,31,40,000 | 9,85,294 | | 1,21,54,706 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിൻെറ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-2 | 2016-17 | 2 | തൊഴിൽ നികുതി | നിലനിൽക്കുന്നു. |

## 4-9 ചാർജ്ജ് സർച്ചാർജ്ജ് നടപടികളുടെ വിവരങ്ങൾ

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹8,65,18,166 (മുന്നിരിപ്പ് ₹4,98,97,007) |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹9,53,04,873 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത | : | ₹2,700 |

| | | |
|---|---|---|
| തുക | | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹2,83,180 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 (1-16) | | 2,700 | ശ്രീ.പ്രമോദ്.ഡി.എൻ, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | ₹25,000 | ഡോ.അഭിലാഷ്. എ,<br>മെഡിക്കൽ ഓഫീസർ-പി എച്ച് സി |
| 1-20 | ₹45,000 | ഡോ.വിശ്വലക്ഷ്മി,എൽ, വെറ്റിനറി സർജൻ |
| 1-23 | ₹2,13,180 | ശ്രീ നിഷാദ്, എസ്, അസിസ്റ്റന്റ് സെക്രട്ടറി |
| | ₹2,83,180 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

1-6-1, 1-6-2, 1-6-3

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.അഭിലാഷ്.എ, മെഡിക്കൽ ഓഫീസർ -പി എച്ച് സി | സി എച്ച് സി -ചവറ, കൊല്ലം | നാദം, എ ആർ എൻ 1409, തെക്കേവിള(പിഒ), കൊല്ലം. |
| ഡോ.വിശ്വലക്ഷ്മി,എൽ, വെറ്റിനറി സർജൻ | വെറ്റിനറി സർജൻ, വെറ്റിനറി ഡിസ്പെൻസറി, ചെറുപുഴ | ചുങ്കത്തറയിൽ,പള്ളിക്കൽ , നൂറനാട് (പി ഒ), പത്തനംതിട്ട |
| ശ്രീ.നിഷാദ്,എസ്, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത് | ഷംസിയ മൻസിൽ, കവളയൂർ(പിഒ), വർക്കല, തിരുവനന്തപുരം |
| ശ്രീ പ്രമോദ് ഡി. എൻ, സെക്രട്ടറി | സെക്രട്ടറി,പട്ടുവം ഗ്രാമപഞ്ചായത്ത് | ഹൗസ് നമ്പർ ടി പി/148, പി ഒ നരീക്കാംവള്ളി, പിലാത്തറ-670504 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2003-04 | കെ.എസ്.എ/കെ.എൻ.ആർ/സി.1/802/2019/ 17- | 2 |

| | | |
|---|---|---|
| | 07-2019 | |
| 2004-05 | കെ.എസ്.എ/കെ.എൻ.ആർ/സി.1/8022019/ 17-07-2019 | 1 |
| 2006-07 | കെ.എസ്.എ/കെ.എൻ.ആർ/സി.1/802/2019/ 17-07-2019 | 1 |
| 2007-08 | കെ.എസ്.എ/കെ.എൻ.ആർ/സി.1/802/2019/ 17-07-2019 | 2 |
| 2008-09 | കെ.എസ്.എ/കെ.എൻ.ആർ/സി.1/802/2019/ 17-07-2019 | 2 |
| 2009-10 & 2010-11 | കെ.എസ്.എ/കെ.എൻ.ആർ/സി.1/802/2019/ 17-07-2019 | 13 |
| 2011-12& 2012-13 | കെ.എസ്.എ/കെ.എൻ.ആർ/സി.1/802/2019/ 17-07-2019 | 3 |
| 2013-14& 2014-15 | കെ.എസ്.എ/കെ.എൻ.ആർ/സി.1/802/2019/ 17-07-2019 | 6 |
| 2015-16 | കെ.എസ്.എ/കെ.എൻ.ആർ/സി.1/802/2019/ 17-07-2019 | 5 |
| 2016-17 | കെ.എസ്.എ/കെ.എൻ.ആർ/സി.1/802/2019/ 17-07-2019 | 6 |
| 2017-18 | കെ.എസ്.എ/കെ.എൻ.ആർ/സി.1/441/2019/ 10-10-2019 | 15 |
| 2018-19 | കെ.എസ്.എ/കെ.എൻ.ആർ/സി.1/103/2020(2)/ 15.10.2020 | 29 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ ചെറുപുഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ ചെറുപുഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം3

## ധനകാര്യ പത്രികകൾ

1. റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്

| Cherupuzha Grama Panchayath<br>RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from<br>01-April-2019 to 31-March-2020 | | | |
| Code.No. | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 49777575.23 |
| Cash | Cash | RP-40(a) | 119432.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1664001.00 |
| 130000000 | Rental income from Panchayat Properties | RP-3 | 0.0 |
| 140000000 | Fees & User Charges | RP-4 | 5292283.00 |
| 150000000 | Sale & Hire Charges | RP-5 | 231965.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 53832578.00 |
| 171000000 | Interest Earned | RP-9 | 405353.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 15628492.00 |
| 350000000 | Other Liabilities | RP-36 | 977177.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 0.0 |
| | Non Operating | | |
| 180000000 | Other Income | RP-10 | 20956.00 |
| 311000000 | Earmarked Funds | RP-29 | 278.00 |
| 330000000 | Secured Loans | RP-32 | 0.0 |
| 340000000 | Deposits Received | RP-34 | 256566.00 |
| 350000000 | Other Liabilities | RP-36 | 625347.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 7542525.00 |
| 460000000 | Loans, Advances and Deposits | RP-47 | 40645.00 |
| | Grand total | | 136415173.23 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 5008195.00 |
| 220000000 | Administrative Expenses | RP-12 | 1409264.00 |
| 230000000 | Operations & Maintenance | RP-13 | 1249448.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 9035941.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 20521379.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 2720436.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 1307341.00 |

| | | | |
|---|---|---|---|
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 695520.00 |
| ~~255000000~~ | Maintenance Projects | ~~RP-20~~ | ~~9754220.00~~ |
| 280000000 | Prior Period item | RP-26 | -333051.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 130311.00 |
| 350000000 | Other Liabilities | RP-36 | 11015540.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 967822.00 |
| 280000000 | Prior Period Item | RP-26 | -5000.00 |
| 330000000 | Secured Loans | RP-32 | 542931.00 |
| 340000000 | Deposits Received | RP-34 | 155165.00 |
| 350000000 | Other Liabilities | RP-36 | 2711118.00 |
| 410000000 | Fixed Assets | RP-38 | 19513330.00 |
| 412000000 | Capital work in Progress | RP-40 | 7339259.00 |
| 460000000 | Loans, Advances and Deposits | RP-47 | 1565704.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 40877650.23 |
| Cash | Cash | RP-40(b) | 232650.00 |
| | Grand Total | | 136415173.23 |

2. ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

| Cherupuzha Grama Panchayath<br>INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 8626523.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 1476420.00 |
| 140000000 | Fee & User Charges | I-4(b) | 5848183.00 |
| 150000000 | Sale & Hire Charges | I-5(b) | 279865.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 141910178.00 |
| 171000000 | Interest Earned | I-8 | 405353.00 |
| 180000000 | Other Income | I-9 | 20956.00 |
| | Total Income | | 158567478.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 12384309.00 |
| 220000000 | Administrative Expenses | I-11(b) | 1554322.00 |
| 230000000 | Operations & Maintenance | I-12(b) | 1330255.00 |
| 240000000 | Interest & Finance Charges | I-13 | 967822.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 14108908.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 62602040.00 |
| 252000000 | Decentralised Plan Programme-Infrastructure | I-14(b) | 2424524.00 |

| | | | |
|---|---|---|---|
| | Sector | | |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 1307341.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 30284320.00 |
| 255000000 | Maintenance Projects | I-14(e) | 9754220.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 485544.00 |
| 272000000 | Depreciation | I-17(a) | 15774097.00 |
| | Total Expenditure | | 152977702.00 |
| | Gross Surplus/ Deficit of income over Expenditure | | 5589776.00 |
| 280000000 | Prior Period Item | I-18 | -1752661.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 7342437.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

3. ബാലൻസ് ഷീറ്റ്

| Cherupuzha Grama Panchayath BALANCE SHEET | | | |
|---|---|---|---|
| As on 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 40778146.55 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 10330.00 |
| 312000000 | Reserves | B-3 | 66596062.00 |
| | Total Reserve & Surplus | | 107384538.55 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 23885792.23 |
| | Total Grants, Contributions for Specific Purposes | | 23885792.23 |
| | Loans | | |
| 330000000 | Secured Loans | B-5 | 12154706.00 |
| | Total Loans | | 12154706.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 2519468.00 |
| 350000000 | Other Liabilities | B-9 | 3451780.45 |
| | Total Current Liabilities and Provisions | | 5971248.45 |
| | TOTAL LIABILITIES | | 14,93,96,285.23 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 139770906.00 |
| 411000000 | Accumulated Depreciation | B-11 | -47805553.00 |
| 412000000 | Capital Work in Progress | B-11(a) | 14547701.00 |

| | | | |
|---|---|---|---|
| | Total Fixed Assets | | 106513054.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 1031584.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 41110300.23 |
| 460000000 | Loans, Advances and Deposits | B-18 | 741347.00 |
| | Total Current Assets, Loans and Advances | | 0.0 |

| | | | |
|---|---|---|---|
| | Total Current Assets, Loans and Advances | | 42883231.23 |
| | Other Assets | | |
| 470000000 | Other Assets | B-19 | |
| | Total Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 14,93,96,285 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ